കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പനത്തടി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട് (2016-17)

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്

e-mail: doksd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം:കെ.എസ്.എ./കെ.എസ്.ഡി -/10/996/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ് – 671123.
e-Mail : doksd.ksad@kerala.gov.in
Phone : 04994256690.

തീയതി .14.09.2017.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

പ്രസിഡന്റ് (സെക്രട്ടറി മുഖേന),

പനത്തടി ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം : പനത്തടി ഗ്രാമപഞ്ചായത്ത് -2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്
*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥ്രീ.ഥകൾ പ്രകാരം പനത്തടി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ് :

1)കേരള സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഇ-മെയിൽ മുഖാന്തിരം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസറഗോഡ്. 3)കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ/കെ.എസ്.ഡി -10/996/2017 തീയതി:14.09.2017

# <u>കാസറഗോഡ് ജില്ലയിലെ പനത്തടി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.</u>

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം -

വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസറഗോഡ് ജില്ലയിലെ പനത്തടി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.12.2016 മുതൽ 31.07.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവും അവയുടെ ഒടുക്കം, വിവിധ അക്കൗണ്ടുകളിൽ നിന്നും 31.03.2017 വരെ നടത്തിയ പണം പിൻവലിക്കലുകളും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 09 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | സി.രാജാരാമ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 1.08.2016 മുതൽ 08.08.2016 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | കിഷോർ.എ.ജി , ഓഡിറ്റ് ഓഫീസർ |
| | വിനോദ് കുമാർ.വി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ജെന കുര്യാക്കോസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | കുഞ്ഞികൃഷ്ണൻ.കെ.സി, സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.പി.ജി.മോഹനൻ | 01.04.2016 മുതൽ 31.03.2017 വരെ |
| സെക്രട്ടറി | ശ്രീ.ഷൈജു വർഗീസ് | 01.04.2016 മുതൽ 15.01.2017 വരെ |
| | ശ്രീ.ജോസഫ് എം. ചാക്കോ | 16.01.2017 മുതൽ 31.03.2017 വരെ |

നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗം | പേര് | കാലയളവ് |
|---|---|---|

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ.അതുൽ ബി. മണപ്പാടൻ | 01.04.2016മുതൽ14.10.2016വരെ |
| | ശ്രീമതി.വിനോദിനി.എ | 15.10.2016 മുതൽ 31.03.2017 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.വൈശാഖ്.ബി | 01.04.2016 മുതൽ 15.10.2016 വരെ |
| | ശ്രീ.ഉമേഷ്.കെ.വി | 16.10.2016 മുതൽ 31.03.2017 വരെ |
| ഹെഡ് മാസ്റ്റർ, ജി.യു.പി.എസ് പ്രാന്തർകാവ് | ശ്രീ.ബാലചന്ദ്രൻ.എം | 01.04.2016 മുതൽ 31.03.2017 വരെ |
| വി.ഇ.ഒ | ശ്രീ.അശോകൻ.എ | 01.04.2016 മുതൽ 25.11.2016 വരെ |
| | ശ്രീ.ഇക്ബാൽ.സി.എച്ച് | 26.11.2016 മുതൽ 23.01.2017 വരെ |
| | ശ്രീ.അബ്ദുൾ നാസിർ | 24.01.2017 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസ്ര, ആയുർവേദം | ശ്രീ.ഡോ.സജിത്.വി.പി | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസ്ര, അലോപ്പതി | ശ്രീ.ഡോ.പ്രവീൺ ബാബു | 01.04.2016 മുതല 31.03.2017 വരെ |
| വെറ്റിനറി സ്രജൻ | ശ്രീ.ഡോ.നിർമൽ ചാക്കോ | 01.04.2016 മുതൽ 31.03.2017 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.അമിത കേളപ്പൻ | 01.04.2016 മുതല 18.02.2017 വരെ |
| | ശ്രീമതി.ശിഖ പ്രഭാകരൻ | 19.02.2017 മുതൽ 27.03.2017 വരെ |
| | ശ്രീമതി.ശരണ്യ വേണ | 28.03.2017 മുതൽ 31.03.2017 വരെ |

ഉള്ളടക്കം


| ക്രമ നം. | | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| ഭാഗം 1 - ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം | | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 | |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം. | 1-3 | |

| | | | |
|---|---|---|---|
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം | 1-6 | |
| 7 | തനത് വരുമാനം | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 | |
| ഭാഗം 2 - വരവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | | |
| 1 | ബസ്സ്റ്റാന്റ് ലേലം-കുടിശ്ശിക തുക പിരിച്ചെടുത്തിട്ടില്ല. | 2-1 | |
| 2 | രസിത് ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. | 2-2 | |
| 3 | വസ്തു നികുതി പിരിവിലെ അപാകതകൾ | 2-3 | |
| 4 | തൊഴിൽ നികുതി- അപാകതകൾ | 2-4 | |
| 5 | ഡി ആന്റ് ഒ ലൈസൻസ് - അപാകതകൾ | 2-5 | |
| ഭാഗം 3 - ചെലവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | | |
| 1 | ഫണ്ട് വിനിയോഗം- പദ്ധതികളുടെ നിർവഹണത്തിലെ വീഴ്ച- പദ്ധതിപ്പണം നഷ്ടപ്പെടുന്നു-2016-17 ൽ ലാപ്സായത് 2.66 കോടി രൂപ | 3-1 | |
| 2 | ടാർ ലഭ്യമാക്കാൻ വൈകി- റോഡ് ടാറിംഗ് / റീ ടാറിംഗ് പ്രവൃത്തികൾ 2016-17 വർഷം നടപ്പിലാക്കിയിട്ടില്ല | 3-2 | |
| 3 | മരാമത്ത് പ്രവൃത്തികൾക്ക് ടാർ വാങ്ങി നൽകുന്നതിന് നൽകിയ അഡ്വാൻസിൽ ഓയിൽ കമ്പനികളുടെ പക്കൽ 5.12 ലക്ഷം രൂപ ബാക്കി | 3-3 | |
| 4 | ഡിപ്പാർട്ട്മെന്റ് സപ്ലൈ നടത്തിയ ടാറിന് സി.പിയും ഓവർഹെഡ് ചാർജ്ജും അനുവദിച്ചതിനാൽ നഷ്ടം | 3-4 | |
| 5 | മൂല്യ വർദ്ധിത നികുതിയിനത്തിൽ പിരിച്ച തുകയും വിതരണക്കാരന് നൽകി | 3-5 | |
| 6 | തൊഴുത്ത് നിർമ്മാണത്തിന് ധനസഹായം നൽകിയത് സംബന്ധിച്ച് | 3-6 | |

| | | | |
|---|---|---|---|
| | | | |
| 7 | ഓ.ഡി.എഫ്.-ശുചിത്വ മിഷനിൽ നിന്നും അധിക വിഹിതം ലഭിച്ചത് | 3-7 | |
| 8 | ആശ്രയ പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് | 3-8 | |
| 9 | കുടുംബശ്രീ-ഊർജ്ജസ്വലമായ ചുവട് വപ്പുകൾ | 3-9 | |
| 10 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് | 3-10 | |
| 11 | പഞ്ചായത്തിൽ നടപ്പിലാക്കിയ വിവിധ ഭവനപദ്ധതികളിൽ വീട് പണിപൂർത്തീകരിക്കാൻ അവശേഷിക്കുന്നവർ | 3-11 | 4-10 |
| ഭാഗം 4- ഓഡിറ്റ് പ്രത്യവലോകനം | | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ | 4-2 | |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 | |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 6 | ഓഡിറ്റ് റിക്കവറി | 4-6 | |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 8 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 9 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-9 | |
| 10 | ഔഡിറ്റ് സർട്ടിഫിക്കറ്റ് | 4-10 | |

<u>അനുബന്ധം</u>

1. റസീറ്റ് & പേമെന്റ് അക്കൗണ്ട്
2. ഇൻകം & എക്സ്പെന്റിച്ചർ അക്കൗണ്ട്
3. ബാലൻസ് ഷീറ്റ്
4. ഓഡിറ്റ് സാക്ഷ്യപത്രം.

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17വർഷത്തെ പുതുക്കിയ ബജറ്റ് 30.03.2017 തിയതിയിലെ നം. 2 തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലാണ് തയ്യാറാക്കിയിട്ടുള്ളത്. പുതുക്കിയ ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 1,19,29,640 |
| വരവ് | 7,94,42,136 |
| ആകെ | 9,13,71,776 |
| ചെലവ് | 8,72,27,709 |
| നീക്കിയിരിപ്പ് | 41,44,067 |

ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും ധനകാര്യ പത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്തിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2017 | 10.07.2017 | തിരിച്ചയച്ചിട്ടില്ല | ബാധകമല്ല |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

2016-17 വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധന ഓഡിറ്റിന്റെ ഭാഗമായി 07.08.2017 ന് പരിശോധിച്ചു. വാർഷിക ധനകാര്യ പത്രികയിന്മേലുള്ള സാക്ഷ്യ പത്രം ഈ റിപ്പോർട്ടിന്റെ അനുബന്ധം 3 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. ധനകാര്യ പത്രികയുടെ പരിശോധനയിൽ കണ്ടെത്തിയ പ്രധാന അപാകതകൾ ചുവടെ ചേർക്കുന്നു.

1. 2016-17 ൽ വിവിധ പദ്ധതികളിലായി 17,03,420 രൂപ ഗുണഭോക്തൃ വിഹിതമായി പിരിച്ചെടുക്കുകയും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പഞ്ചായതതിന്റെ വരവ് ചെലവ് കണക്കുകളിൽ 25,920 രൂപയുടെ വരവും ചെലവും 52,688 രൂപയുടെ നീക്കിയിരിപ്പും മാത്രമാണ് കാണിച്ചിട്ടുള്ളത്.

2. 31.03.2017 ലെ ബാലൻസ് ഷീറ്റിൽ 412010101- capital work in progress എന്ന ഹെഡിൽ 17,98,415 രൂപ ആസ്തി കാണുന്നു. എന്നാൽ ഈ തുകയുടെ വിശദ വിവരങ്ങൾ ലഭ്യമല്ല.

3. സ്റ്റോക്കിന്റെ മൂല്യ നിർണയം നടത്തി അക്കൗണ്ട് ചെയ്തിട്ടില്ല.

4. വസ്തു നികുതിയുടെ ഡിമാന്റ്, കളക്ഷൻ, കുടിശ്ശിക വിവരങ്ങൾ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള രേഖകളുമായി പൊരുത്തപ്പെടുന്നില്ല.

എ) വസ്തു നികുതി-

i). വാർഷിക ധനകാര്യ പത്രിക പ്രകാരം 21,83,151 രൂപയാണ് തൻവർഷ വരുമാനം. എന്നാൽ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം തൻവർഷ ഡിമാന്റ് 20,38,500 രൂപയാണ്.

ii). വാർഷിക ധനകാര്യ പത്രിക പ്രകാരം 13,67,486 രൂപയാണ് തൻവർഷ പിരിവ്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം തൻവർഷ പിരിവ് 12,46,799 രൂപയാണ്.

iii). വാർഷിക ധനകാര്യ പത്രിക പ്രകാരം 8,15,665 രൂപയാണ് തൻവർഷ കുടിശ്ശിക. എന്നാൽ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം തൻവർഷ കുടിശ്ശിക 7,91,701 രൂപയാണ്.

iv). വാർഷിക ധനകാര്യ പത്രിക പ്രകാരം വസ്തു നികുതി കുടിശ്ശിക മുന്നിരിപ്പ്28,53,424 രൂപയിൽ 13,28,437 രൂപ പിരിച്ചെടുത്തതായും 15,34,987 രൂപ നീക്കിയിരിപ്പുള്ളതായും കാണുന്നു. എന്നാൽ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം കുടിശ്ശിക മുന്നിരിപ്പ് 22,96,691 രൂപയും പിരിവ് 11,77,619 രൂപയും നീക്കിയിരിപ്പ് 11,19,072 രൂപയുമാണ്.

5. 2016-17 വർഷത്തെ ബഡ്ജറ്റ് ഫങ്ഷൻ, ഫങ്ഷനറി അടിസ്ഥാനത്തിൽ അല്ല തയ്യാറാക്കിയിട്ടുള്ളത്. ബഡ്ജറ്റ് തയ്യാറാക്കലിൽ പഴയ സമ്പ്രദായം തുടർന്നു പോരുകയാണ്.

6.31.03.2017 ലെ ബാലൻസ് ഷീറ്റിൽ ഷെഡ്യൂൾ ബി7 ലെ ഡെപ്പോസിറ്റ് ഇനത്തിലെ ബാദ്ധ്യതാ ഹെഡുകളിലെ തുകകളുടെ വിശദ വിവരങ്ങൾ ലഭ്യമല്ല. ഡെപ്പോസിറ്റ് രജിസ്റ്റർ പൂർണമല്ല. മുൻ വർഷങ്ങളിലെ നീക്കിയിരിപ്പ് തുകകൾ ക്യാരി ഓവർ ചെയ്തിട്ടില്ല.

6. 31.03.2017 ലെ ബാലൻസ് ഷീറ്റിൽ 460509901- Advance to others എന്ന ഹെഡിൽ നീക്കിയിരിപ്പുള്ള 2,40,823 രൂപയുടെ വിശദ വിവരങ്ങൾ ലഭ്യമല്ല.

7. മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയിലെ ഇ.എഫ്.എം.എസ്. തുകയായ 3,66,30,107 രൂപ വർഷാന്ത്യത്തിൽ ജേണൽ വൗച്ചർ മുഖേന 160100601 എന്ന ഹെഡിലേക്ക് മാറ്റിയിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,19,29,640 |
| വരവ് | 12,54,72,029 |
| ആകെ | 13,74,01,669 |
| ചെലവ് | 12,09,10,192 |
| നീക്കിയിരിപ്പ് | 1,64,91,477 |

മേൽ വരവു ചെലവുകളിൽ തൊഴിലുറപ്പ് പദ്ധതിയിലെ ഇ.എഫ്.എം.എസ്. തുകയായ 3,66,30,107 രൂപയും പെൻഷൻ ഡി.ബി.ടി. തുകയായ 3,62,93,230 രൂപയും ഉൾപ്പെടുന്നു.

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ | ആകെ | ചെലവ് | നീക്കി |
|---|---|---|---|---|---|

| | | വരവ് | | | യിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് -പൊതുവിഭാഗം | - | 1,04,48,344 | 1,04,48,344 | 1,04,48,344 | - |
| വികസനഫണ്ട്- എസ്.സി.പി. | - | 16,46,966 | 16,46,966 | 16,46,966 | - |
| വികസനഫണ്ട്-ടി.എസ്.പി. | - | 74,42,934 | 74,42,934 | 74,42,934 | - |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | - | 40,74,451 | 40,74,451 | 40,74,451 | - |
| പെർഫോമൻസ് ഗ്രാന്റ് | - | 3,70,127 | 3,70,127 | 3,70,127 | - |
| മെയിന്റനൻസ് ഫണ്ട്-റോഡ് | - | 33,88,407 | 33,88,407 | 33,88,407 | - |
| മെയിന്റനൻസ് ഫണ്ട് -നോൺറോഡ് | - | 31,77,227 | 31,77,227 | 31,77,227 | - |
| തൊഴിലുറപ്പ് പദ്ധതി | 3,701 | 3,77,35,061 | 3,77,38,762 | 3,74,73,960 | 2,64,802 |
| ബി. ഫണ്ട് | - | 3,72,33,230 | 3,72,33,230 | 3,72,33,230 | - |

തൊഴിലുറപ്പ് പദ്ധതിയിലെ ഇ.എഫ്.എം.എസ്. തുക- 3,66,30,107 രൂപ

പെൻഷൻ ഡി.ബി.ടി തുക- 3,69,93,230 രൂപ

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 232 | 8,29,11,389 | 146 | 3,61,42,459 | 31 | 86 | 49.56% |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ - ഇല്ല

നടപ്പിലാക്കിയ പ്രോജക്ടുകളുടെ നിർവഹണ ഉദ്യോഗസ്ഥർ തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | നിർവഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പ്രോജക്ടുകൾ | | നടപ്പിലാക്കിയ പ്രോജക്ടുകൾ | | ചെലവു ശതമാനം |
|---|---|---|---|---|---|---|
| | | എണ്ണം | തുക | എണ്ണം | തുക | |
| 1 | കൃഷി ഓഫീസർ | 15 | 33,67,603 | 15 | 24,39,685 | 72.45% |
| 2 | വെറ്റിനറി സർജൻ | 12 | 52,72,838 | 12 | 39,32,099 | 74.5% |
| 3 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | 3 | 15,45,787 | 3 | 14,98,672 | 97% |

| | | | | | | |
|---|---|---|---|---|---|---|
| 4 | മെഡിക്കൽ ഓഫീസർ, ആയുർവേദം | 1 | 7,00,000 | 1 | 7,00,000 | 100% |
| 5 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 32 | 1,90,05,496 | 22 | 1,17,07,696 | 61.60% |
| 6 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 5 | 26,46,610 | 5 | 22,75,402 | 86% |
| 7 | സെക്രട്ടറി, ഗ്രാമപഞ്ചായത്ത് | 29 | 90,19,248 | 17 | 42,71,221 | 47.35% |
| 8 | അസിസ്റ്റന്റ് എഞ്ചിനീയർ | 124 | 3,88,19,131 | 65 | 86,65,674 | 22.32% |
| 9 | ഹെഡ് മാസ്റ്റർ | 11 | 25,34,676 | 6 | 6,52,010 | 25.72% |
| | ആകെ | 232 | 8,29,11,389 | 146 | 3,61,42,459 | 43.59% |

## 1-7 തനത് വരുമാനം

മുൻവർഷത്തെ അപേക്ഷിച്ച് സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം |
|---|---|---|---|
| നികുതി വരവുകൾ | 18,27,667 | 35,68,773 | (+)17,41,106 |
| നികുതിയേതര വരവുകൾ | 9,52,040 | 8,27,300 | (-)1,24,740 |
| മറ്റുവരവുകൾ | 2,92,441 | 2,13,425 | (-)79,016 |
| ആകെ | 30,72,148 | 46,09,498 | (+)15,37,350 |

ഇനം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| ഇനം | മുൻ വർഷം | തൻ വർഷം | വ്യത്യാസം | ശതമാനം |
|---|---|---|---|---|
| വസ്തു നികുതി (കുടിശ്ശിക പിരിവ് ഉൾപ്പെടെ) | 10,81,497 | 26,95,923 | (+)16,14,426 | |
| തൊഴിൽ നികുതി (വ്യാപാരികൾ, സ്ഥാപനങ്ങൾ) (കുടിശ്ശിക പിരിവ് ഉൾപ്പെടെ) | 1,70,360 | 1,83,030 | (+)12,670 | |
| തൊഴിൽ നികുതി (ജീവനക്കാർ) | 5,75,810 | 6,89,820 | (+)1,14,010 | |

| | | | | |
|---|---|---|---|---|
| ആകെ നികുതി വരവ് | 18,27,667 | 35,68,773 | (+)17,41,106 | (+)95.26% |
| ലൈസൻസ് ഫീസ് (കുടിശ്ശിക പിരിവ് ഉൾപ്പെടെ) | 32,600 | 30,350 | (-)2,250 | |
| ബസ് സ്റ്റാന്റ് വരവ് | 14,500 | 24,000 | (+)9,500 | |
| വാടക വരവ് | 1,20,240 | 1,25,940 | (+)5,700 | |
| ഫീസുകൾ, ഫൈനുകൾ, യൂസർ ചാർജ്ജുകൾ | 2,03,808 | 1,79,795 | (-)24,013 | |
| ടെണ്ടർ ഫോറങ്ങളുടെയും മറ്റു ഫോറങ്ങളുടെയും വിറ്റു വരവ് | 5,65,102 | 2,52,200 | (-)3,12,902 | |
| പഴയ വാഹനം വിറ്റ വകയിൽ | - | 1,60,000 | (+)1,60,000 | |
| ആമ്പുലൻസ് വാടക | 14,530 | 32,205 | (+)17,675 | |
| ആക്രി സാധനങ്ങൾ വിറ്റ വകയിൽ | - | 22,810 | (+)22,810 | |
| ഫലവൃക്ഷങ്ങളിൽ നിന്നുള്ള വരുമാനം | 1,260 | - | (-)1,260 | |
| ആകെ നികുതിയേതര വരവ് | 9,52,040 | 8,27,300 | (-)1,24,740 | |
| ബാങ്ക് അക്കൗണ്ടുകളിൽ ലഭിച്ച പലിശ | 2,92,441 | 2,13,425 | (-)79,016 | |
| ആകെ തനതു വരുമാനം | 30,72,148 | 46,09,498 | (+)15,37,350 | (+)50.04% |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 30,000 | 25 |
| കർഷക തൊഴിലാളി പെൻഷൻ | 18,38,400 | 415 |
| വിധവാ പെൻഷൻ | 1,36,37,050 | 2,898 |
| വാർദ്ധക്യകാല പെൻഷൻ | 1,87,11,100 | 4,824 |
| വികലാംഗ പെൻഷൻ | 25,39,680 | 569 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 2,10,000 | 7 |
| 50 വയസ്സിൽ കൂടിയ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 2,67,000 | 63 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് 01.08.2017 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4,422 /-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 05.07.2017 | 05 & 06 /17 | 05.07.2017 | ഇല്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20.03.2012 മുതൽ 23.03.2012 വരെ | 2012-13 | 23.09.2013 | വാർഷിക കണക്കുകൾ സമർപ്പിക്കുന്നതിൽ കാലതാമസം |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ബസ്സ്റ്റാന്റ് ലേലം-കുടിശ്ശിക തുക പിരിച്ചെടുത്തിട്ടില്ല.

(ഓഡിറ്റ് എൻക്വയറി നം. 7 /2017 തീയ്യതി-07-08 -2017)

പാണത്തൂരിൽ സ്ഥിതി ചെയ്യുന്ന ബസ്സ്റ്റാന്റിൽ ബസ്സുകൾ പ്രവേശിക്കുന്നതിനുള്ള ഫീസ് ഈടാക്കുന്നതിനുള്ള കുത്തകാവകാശം ലേലം കൊണ്ടവരിൽ നിന്നും ലേല തുക കുടിശ്ശികയായി 31-03-2017 -ലെ വാർഷിക ധനകാര്യ പത്രിക പ്രകാരം 22,990/-രൂപ പിരിച്ചെടുക്കാൻ ബാക്കി ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ലേല കുടിശ്ശിക തുക പിരിച്ചെടുക്കാനുള്ള ഊർജ്ജിത നടപടികൾ സ്വീകരിച്ച് കുടിശ്ശിക തുക പഞ്ചാത്ത് ഫണ്ടിൽ ഒടുക്കി ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. വിശദവിവരം ചുവടെകൊടുക്കുന്നു.

| വർഷം | ലേലം കൈക്കൊണ്ട കുത്തകാവകാശക്കാരന്റെ പേര് | പിരിച്ചെടുക്കാനുള്ള ലേല കുടിശ്ശിക തുക |
|---|---|---|
| 2013-14 | ശ്രീ.കുമാരൻ.ബി.എൻ,<br>നെല്ലിക്കുന്ന്,<br>പി.ഒ.പാണത്തൂർ | 2,990 |
| 2014-15 | ശ്രീമതി.രമ്യ.കെ,<br>D/o നാരായണി<br>നെല്ലിക്കുന്ന്, ഹൗസ് | 20,000 |

| | | |
|---|---|---|
| | പാണത്തൂർ.പി.ഒ | |
| ആകെ | | 22,990 |

മേൽപ്പറഞ്ഞ കുടിശ്ശിക തുകകൾ പിരിച്ചെടുക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിവരം ലഭ്യമാക്കേണ്ടതുമാണ്.

## 2-2 രസിത് ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

ഗ്രാമ പഞ്ചായത്തിന്റെ രസീത് ബുക്ക് സ്റ്റോക്ക് രജിസ്റ്റർ പ്രകാരം, ജി.യുപി.എസ്,ചാമണ്ടിക്കുന്നിലെ ഹെഡ്മാസ്റ്റർക്ക് നൽകിയ രസീത് ബുക്ക് (നം. 987) ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. 2015-16 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 2-1(2)ൽ ഇക്കാര്യം പരാമർശിച്ചിട്ടുണ്ട്. രസീത് ബുക്ക് എത്രയുംപ്പെട്ടന്ന് തന്നെ പരിശോധനയ്ക്ക് ഹാജരാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്. 18-03-2015 ന് വെറ്ററിനറി സർജൻ,ബളാംതോടിന് നൽകിയ 61472,61473 നമ്പർ രസീത് ബുക്കുകൾ 04-08-2017 ന് നൽകിയ ഓഡിറ്റ് അന്വേഷണ പ്രകാരം 04-08-2017 ന് ഓഡിറ്റ് പരിശോധനയ് ഹാജരാക്കിയിട്ടുണ്ട്. (ഓഡിറ്റ് എൻക്വയറി നം. 3 /2017 തീയ്യതി-04-08 -2017)

## 2-3 വസ്തു നികുതി പിരിവിലെ അപാകതകൾ

വസ്തു നികുതി പിരിവിൽ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്

1) മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കിയിട്ടില്ല.

എസ്.ആർ.ഓ.നമ്പർ 36/2011 അടിസ്ഥാനമാക്കി പനത്തടി ഗ്രാമപഞ്ചായത്തിന്റെ 25-10-2011ലെ തീരുമാനം നമ്പർ 1/11 പ്രകാരം മൊബൈൽ ടവറുകളുടെ വസ്തുനികുതി, ചതുരശ്രമീറ്ററിന് 500/-രൂപയായി നിർണ്ണയിക്കുകയും, 2013-2014 സാമ്പത്തികവർഷം മുതൽ പുതുക്കിയ നിരക്കിൽ നികുതി ഈടാക്കുന്നതിന് തീരുമാനിക്കുകയുമുണ്ടായി. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ച് വരുന്ന 8 മൊബൈൽ ടവറുകളിൽ നിന്നും 2016-17 വരെയുള്ള വർഷങ്ങളിൽ വസ്തുനികുതി പിരിച്ചെടുത്തിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ആയത് പിരിച്ചെടുത്ത് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 2 /2017 തീയ്യതി-01-08 -2017)

| ക്രമ നമ്പർ | ഓപ്പറേറ്റർ/ ഉടമ/നിർമ്മാതാവ്/ ലൈസൻസി | കെട്ടിട നമ്പർ | വിസ്തീർണ്ണം ( $m^2$) | വസ്തുനികുതി കുടിശ്ശികയുള്ള വർഷങ്ങൾ |
|---|---|---|---|---|
| 1 | ജയബാൽ മേനോൻ, ഭാരത് ഇൻഫ്രാടെൽ | 580 | 12 $m^2$ | 2013-14 മുതൽ 2016-17 വരെ |
| 2 | മാനേജർ, ഐഡിയ മൊബൈൽ കമ്മ്യൂണിക്കേഷൻ ലിമിറ്റഡ് | 703 | 16 $m^2$ | 2013-14 മുതൽ 2016-17 വരെ |
| 3 | റിലയൻസ് കമ്മ്യൂണിക്കേഷൻ ലിമിറ്റഡ് | 219 | 12 m2 | 2013-14 മുതൽ 2016-17 വരെ |
| 4 | ഭാരതി ഇൻഫ്രാടെൽ ലിമിറ്റഡ് | 230 | 12 $m^2$ | 2013-14 മുതൽ 2016-17 വരെ |
| 5 | മാനേജർ,ഐഡിയ മൊബൈൽ കമ്മ്യൂണിക്കേഷൻ ലിമിറ്റഡ് | 98 | 18 $m^2$ | 2015-16 മുതൽ 2016-17 വരെ |
| 6 | ഭാരത് ഇൻഫ്രാടെൽ ലിമിറ്റഡ് | 334 | 18 $m^2$ | 2013-14 മുതൽ 2016-17 വരെ |

| | | | | |
|---|---|---|---|---|
| 7 | ഇൻഡസ് ടവേഴ്സ് ലിമിറ്റഡ് | 119 | 18 $m^2$ | 2013-14 മുതൽ 2016-17 വരെ |
| 8 | ഭാരതി ഇൻഫ്രാടെൽ ലിമിറ്റഡ് | 468 | 18 $m^2$ | 2013-14 മുതൽ 2016-17 വരെ |

2)വസ്തു നികുതി വൻ കുടിശ്ശിക

31.03.2017 ലെ ബാലൻസ് ഷീറ്റ് പ്രകാരം വസ്തു നികുതി തൻ വർഷ പിരിവിൽ 8,51,549/- രൂപ ബാക്കിയുണ്ട്. കൂടാതെ കുടിശ്ശികയിൽ 11,21,706 രൂപയും പിരിച്ചെടുക്കാൻ ബാക്കിയുണ്ട്. 2016-17 വർഷത്തെ വസ്തുനികുതി വരുമാനം 21,83,151 രൂപയാണെങ്കിലും 13,67,486 രൂപ മാത്രമാണ് പിരിവ്. (പിരിവ് ശതമാനം-63%).വസ്തു നികുതി പരിഷ്കരണം പഞ്ചായത്തിൽ 96.53% പൂർത്തിയായിട്ടുണ്ട്. സഹായക സോഫ്റ്റ് വെയറുകളായ സാംഖ്യ, സഞ്ചയ എന്നിവ ഇന്റഗ്രേറ്റ് ചെയ്ത് സുസജ്ജമായി പ്രവർത്തിക്കുന്നുണ്ട്.ഈ സാഹചര്യത്തിൽ വസ്തു നികുതിയിനത്തിലെ കുടിശ്ശിക അടിയന്തിരമായി പിരിച്ചെടുക്കാനുള്ള ഊർജിത നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 2-4 തൊഴിൽ നികുതി- അപാകതകൾ

തൊഴിൽ നികുതി പിരിവിൽ താഴെക്കൊടുത്തിരിക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1) ഡിമാന്റ് ചെയ്ത തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

2016-17 സാമ്പത്തിക വർഷത്തിൽ താഴെപ്പറയുന്ന പോസ്റ്റോഫീസിലെ ജീവനക്കാരിൽ നിന്നും ഒന്നാം അർദ്ധവർഷത്തെ തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടും നാളിതുവരെയായി തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ജീവനക്കാരന്റെ പേര്/ ഓഫീസ് | ഉദ്യോഗ പേര് | ഒന്നാം അർദ്ധവർഷത്തെ വരുമാനം | ഒന്നാം അർദ്ധവർഷത്തെ ഡിമാന്റ് | ആകെ |
|---|---|---|---|---|---|
| 1 | ജഗദീഷ.പി.ബി, കല്ലപ്പള്ളി പോസ്റ്റോഫീസ് | BPM | 52,583 | 450 | 450 |
| 2 | എ.ഉഡപ്പഗൗഡ, കല്ലപ്പള്ളി പോസ്റ്റോഫീസ് | MD | 57,105 | 450 | 450 |
| 3 | എം.ബിപ്പി, കല്ലപ്പള്ളി പോസ്റ്റോഫീസ് | MC | 56,093 | 450 | 450 |
| 4 | രാജേഷ്. ആർ, പാണത്തൂർ പോസ്റ്റോഫീസ് | MD | 74,622 | 600 | 600 |
| ആകെ | | | | | 1,950 |

മേൽപ്പറഞ്ഞ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റ് പരിശോധയ്ക്ക് ഹാജരാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 3 /2017 തീയ്യതി-04-08 -2017)

2)അംഗീകൃത കരാറുകാരിൽ നിന്നും തൊഴിൽ ഈടാക്കിയിട്ടില്ല.

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 204(ii)എ(i)വകുപ്പ് പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് അറുപത് ദിവസത്തിൽ കുറയാതെ താമസിച്ചു കൊണ്ട് തൊഴിലിൽ ഏർപ്പെടുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. എന്നാൽ പഞ്ചായത്ത് പ്രദേശത്ത് താമസക്കാരായ ചുവടെചേർത്ത അംഗീകൃത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദവിവരം ചുവടെചേർക്കുന്നു

| ക്രമ | കരാറുകാരന്റെ പേര് | തൊഴിൽ | ഈടാക്കേണ്ട |
|---|---|---|---|

| നമ്പർ | | നികുതി ഈടാക്കേണ്ട അർദ്ധവർഷം | നികുതി |
|---|---|---|---|
| 1 | എ.കെ.ശശി, പി.ഡബ്ല്യൂ.ഡി.കോൺട്രാക്ടർ, അത്തിക്കയം,പാണത്തൂർ. | 2016-17 ഒന്നം,രണ്ടും അർദ്ധവർഷം. 1250 X 2 = 2,500 | 2,500 |
| 2 | റജി ജോസഫ്, പി.ഡബ്ല്യൂ.ഡി.കോൺട്രാക്ടർ മാലക്കല്ല്. | 2016-17 ഒന്നം,രണ്ടും അർദ്ധവർഷം. 1250 X 2 = 2,500 | 2,500 |
| 3 | ജി.എസ്.രാജീവ്, പി.ഡബ്ല്യൂ.ഡി.കോൺട്രാക്ടർ മാനടുക്കം. | 2016-17 ഒന്നം,രണ്ടും അർദ്ധവർഷം. 1250 X 2 = 2,500 | 2,500 |
| ആകെ | | | 7,500 |

മേൽ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി ആയതിന്റെ വിശദ വിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 3 /2017 തീയ്യതി-04-08 -2017)

3)ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

2016-17 സാമ്പത്തിക വർഷത്തിൽ താഴെപ്പറയുന്ന ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തതായി തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ,റിട്ടേൺസ് എന്നിവ പരിശോധിച്ചതിൽ കാണുകയുണ്ടായി. വിശദവിവരം ചുവടെകൊടുക്കുന്നു.

| ക്രമ നം | ജീവനക്കാരന്റെപേര്/ സ്ഥാപനത്തിന്റെ പേര് | സ്ഥാപനത്തിന്റെ പേര് | തൊഴിൽ നികുതി അടവാക്കേണ്ട കാലയളവ് |
|---|---|---|---|
| 1 | മാവേലിസ്റ്റോർ ബളാംതോട്, സ്ഥാപനത്തിലെ ജീവനക്കാർ | മാവേലിസ്റ്റോർ, ബളാംതോട് | 2016-17 ഒന്നാം അർദ്ധവർഷം |
| 2 | മാവേലിസ്റ്റോർ കോളിച്ചാൽ, സ്ഥാപനത്തിലെ ജീവനക്കാർ | മാവേലിസ്റ്റോർ, കോളിച്ചാൽ | 2016-17 ഒന്നം രണ്ടും അർദ്ധവർഷം |
| 3 | ക്ഷീരോൽപ്പാദക സഹകരണ സംഘം,ബളാംതോട്-ജീവനക്കാർ | ക്ഷീരോൽപ്പാദക സഹകരണ സംഘം,ബളാംതോട് | 2016-17 ഒന്നം രണ്ടും അർദ്ധവർഷം |
| 4 | ക്ഷീരോൽപ്പാദക സഹകരണ സംഘം,കോളിച്ചാൽ-ജീവനക്കാർ | ക്ഷീരോൽപ്പാദക സഹകരണ സംഘം,കോളിച്ചാൽ | 2016-17 ഒന്നം രണ്ടും അർദ്ധവർഷം |

മേൽ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നം. 5 /2017 തീയ്യതി-04-08 -2017)

4) സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ് പ്രകാരം ജീവനക്കാരും /തൊഴിലാളികളും തൊഴിൽ സ്ഥാപനവും തങ്ങളുടെ തൊഴിൽ നികുതി ഒടുക്കേണ്ടതുണ്ട്. തൊഴിൽ സ്ഥാപനങ്ങൾ അർദ്ധവാർഷിക ടേൺഓവറിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിച്ച് നികുതി ഒടുക്കണം. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം 2016-17 വർഷത്തിൽ താഴെക്കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ടേൺഓവറിന്റെ അടിസ്ഥാനത്തിൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് വിശദവിവരം ചുവടെകൊടുക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | സ്ഥാപന തൊഴിൽ നികുതി അടവാക്കേണ്ട കാലയളവ് |
|---|---|---|
| 1 | മാവേലിസ്റ്റോർ, കോളിച്ചാൽ | 2016-17ഒന്നും,രണ്ടും അർദ്ധവർഷം |
| 2 | ക്ഷീരോൽപ്പാദക സഹകരണ സംഘം,ബളാംതോട് | 2016-17ഒന്നും,രണ്ടും അർദ്ധവർഷം |
| 3 | ക്ഷീരോൽപ്പാദക സഹകരണ സംഘം,കോളിച്ചാൽ | 2016-17ഒന്നും,രണ്ടും അർദ്ധവർഷം |
| 4 | ബെറ്റർ ഹെൽത്ത് ഹോമിയോ ക്ലിനിക്ക്, പാണത്തൂർ. | 2016-17ഒന്നും,രണ്ടും അർദ്ധവർഷം |
| 5 | രാജപുരം അഗ്രികൾച്ചറൽ ഇംപ്രൂവ്മെന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി,കോളിച്ചാൽ. | 2016-17 രണ്ടാം അർദ്ധവർഷം |
| 6 | ബി.എസ്.എൻ.എൽ,പനത്തടി | 2016-17ഒന്നും,രണ്ടും അർദ്ധവർഷം |
| 7 | എൻഎസ്.എസ്.എസ്റ്റേറ്റ് പനത്തടി | 2016-17രണ്ടാം അർദ്ധവർഷം |
| 8 | പാണത്തൂർ ക്ലിനിക്ക്,പാണത്തൂർ | 2016-17ഒന്നും,രണ്ടും അർദ്ധവർഷം |

മേൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്ഥാപന തൊഴിൽ നികുതി പിന്നീട് ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

5)ബി.എസ്.എൻ.എൽ.സ്ഥാപനത്തിന്റെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ച് വരുന്ന ബി.എസ്.എൻ.എൽ. പനത്തടി സ്ഥാപനത്തിന്റെ സ്ഥാപന തൊഴിൽ നികുതി ഈടാക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. WP(C) No.16670/06 നമ്പർ കേസിന്റെ അന്തിമ വിധിയിൽ സ്ഥാപന തൊഴിൽനികുതി ഈടാക്കുന്നതിൽ നിന്നും ബി.എസ്.എൻ.എൽ. സ്ഥാപനങ്ങളെ ഒഴിവാക്കണമെന്ന വാദം കോടതി തള്ളിയ സാഹചര്യത്തിൽ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ബി.എസ്.എൻ.എൽ. സ്ഥാപനത്തിൽ നിന്നും നികുതി ഈടാക്കേണ്ടതായിരുന്നു. എന്നാൽ 2016-17 വർഷത്തിൽ രണ്ട് അർദ്ധവർഷങ്ങളിലും നികുതി ഈടാക്കിയിട്ടില്ല. നികുതി കുടിശ്ശിക സഹിതം ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 3 /2017 തീയ്യതി-04-08 -2017)

## 2-5 ഡി ആന്റ് ഒ ലൈസൻസ് - അപാകതകൾ

ഡി. & ഒ. ലൈസൻസ് ചട്ടങ്ങളുടെ പരിപാലനത്തിൽ താഴെക്കൊടുത്തിരിക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1)ഡി.ആന്റ്.ഒ. ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ്.

2016-17 സാമ്പത്തിക വർഷത്തെ ഡി.ആന്റ്.ഒ. ലൈസൻസ് ഫീ രജിസ്റ്ററുകളും,അപേക്ഷകളും മറ്റ് അനുബന്ധ രേഖകളും പരിശോധിച്ചപ്പോൾ 1996 –ലെ കേരള പഞ്ചായത്ത് രാജ് ( ആപൽകരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ ) ചട്ടങ്ങളിലെ ചട്ടം 7 പ്രകാരം രണ്ടാം പട്ടികയിൽ വിവരിക്കുന്ന നിരക്കിലുള്ള ഫീസ് ഈടാക്കിയതിൽ കുറവ് വന്നതായി കാണുന്നു. വിശദവിവരം താഴെ കൊടുക്കുന്നു.

| ലൈസൻസിന് അപേക്ഷിച്ച വ്യാപാരിയുടെ പേര്, (ഡി.&ഒ.ലൈസൻസ് രജിസ്റ്റർപ്രകാരം ക്രമ നമ്പർ) | സ്ഥാപനത്തിന്റെ സ്വഭാവം & കെട്ടിട നമ്പർ | ഒരു ദിവസത്തെ വിറ്റ് വരവ് (അപേക്ഷ പ്രകാരം) | ഈടാക്കേണ്ടിയിരുന്ന ഫീസ് | ഈടാക്കിയ ഫീസ് | കുറവ് വന്ന തുക |
|---|---|---|---|---|---|
| ലാസമ്മ.വി.എം,<br>D/o വി.എം.മത്തായി,<br>പാളിയിൽ വീട്-163 | ഹാർഡ് വെയർ സാധനങ്ങൾ വിൽപ്പനനടത്തുന്നതിന്<br>X/ 44,45,46 | 6,000 | 200 | 100<br>Rt.No.02726/25-11-16 | 100 |
| സുധീഷ്കുറുപ്പ്.എ.എസ്,<br>അശ്വതിഭവൻ<br>ചാമുണ്ടിക്കുന്ന്-180 | മലഞ്ചരക്ക് വ്യാപാരം<br>IV/118 | 24,000 | 500 | 200<br>Rt.No.03029/04-01-17 | 300 |
| മൈമൂന,<br>D/o അബ്ദുൾറഹിമാൻ,<br>സി.എച്ച്.ഹൗസ്സ്<br>ബാപ്പുങ്കയം-183 | പലചരക്ക് വ്യാപാരം<br>IX/351(B) | 10,000 | 200 | 100<br>Rt.No.03045/05-01-17 | 100 |
| ജിൻസ് ജോസഫ്,<br>മുട്ടത്ത്,വീട്,<br>പാണത്തൂർ-196 | ബാറ്ററി,ഇൻവേറ്റർ നിർമ്മാണം<br>VIII/ 54 | 10,000 | 200 | 100<br>Rt.No.03128/13-01-17 | 100 |
| ആകെ | | | | | 6,00 |

മേൽപ്പറഞ്ഞ കച്ചവടക്കാരിൽ കുറവ് വന്ന ഡി.ആന്റ് ഒ. ലൈസൻസ് ഫീസായ 600/-രൂപ ഈടാക്കി വിവരം ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 4 /2017 തീയ്യതി-04-08 -2017).

2) ഡി .ആന്റ്.ഒ.ലൈസൻസ് പുതുക്കുന്നതിൽ കാലതാമസം

സ്വയംഭരണ അധികാരമുള്ള പഞ്ചായത്തിന്റെ ഏതെങ്കിലുമൊരു സ്ഥലം മനുഷ്യന്റെ ജീവനോ സ്വത്തിനോ ആരോഗ്യത്തിനോ അപകടകരമാകാനിടയുള്ള കാര്യങ്ങൾക്ക് ഉപയോഗിക്കുകയാണെങ്കിൽ സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെ പ്രവർത്തിക്കാൻ പാടില്ലാത്തതാകുന്നു. (കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 232). സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് 30 ദിവസം മുമ്പ് ലൈസൻസ് പുതുക്കേണ്ടതും പുതുതായി ആരംഭിക്കുന്നവയുടെ കാര്യത്തിൽ തുടങ്ങുന്നതിന് 30 ദിവസം മുമ്പും ലൈസൻസിന് അപേക്ഷിക്കേണ്ടതുണ്ട്. പ്രവർത്തിക്കാനാവശ്യമായ ലൈസൻസ് നിശ്ചിത ഫീസീടാക്കിയാണ് (പട്ടിക II, III & IV) പഞ്ചായത്ത് നൽകേണ്ടത് (ചട്ടം 10).

2016-17 സാമ്പത്തിക വർഷത്തെ ലൈസൻസ് സംബന്ധിച്ച സംക്ഷിപ്തം.

| ഡി.ആന്റ് ഒ. ഡിമാന്റ് രജിസ്റ്റർ പ്രകാരം ആകെയുള്ള അപേക്ഷ | പുതിയതായി അപേക്ഷിച്ചവർ | നിശ്ചിത സമയത്തിനുള്ളിൽ പുതുക്കിയവർ | ചട്ടപ്രകാരമുള്ള സമയംപാലിക്കാതെ വൈകി പുതുക്കിയവർ |
|---|---|---|---|
| 227 | 14 | 2 | 211 |

ഗ്രാമ പഞ്ചായത്തിലെ 15 വാർഡുകളിലെ കച്ചവട സ്ഥാപനങ്ങളിൽ ലൈസൻസ് എടുത്തവരുടെ എണ്ണം വളരെ കുറവാണ്. പഞ്ചായത്ത് പരിധിയിലുള്ള എല്ലാ കച്ചവട സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന് വേണ്ടി കേരളാ പഞ്ചായത്ത് രാജ് വകുപ്പ് 205 ബി. അനുസരിച്ച് നികുതിക്ക് വിധേയരായവരുടെ ലിസ്റ്റ് കെട്ടിട/ഭൂമിയുടെ ഉടമസ്ഥനോട് ആവശ്യപ്പെടാവുന്നതും ആയത് ഉറപ്പ് വരുത്തേണ്ടതുമാണ്. എന്നാൽ 2016-17 ൽ ലൈസൻസ് പുതുക്കുന്നതിനു വേണ്ടി ലഭിച്ച അപേക്ഷകളിൽ 93%വും നിശ്ചിത സമയത്തിനു ശേഷമാണ് പുതുക്കിയിട്ടുള്ളത്. ഇത് സെക്ഷൻ കൈകാര്യം ചെയ്യു ഉദ്യോഗസ്ഥന്റെ ഭാഗത്ത് നിന്ന് വന്ന വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. മാത്രവുമല്ല പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ അടങ്ങിയ ഒരു ട്രേഡേഴ്സ് രജിസ്റ്റർ സെക്ഷൻ സൂക്ഷിക്കാത്തതിനാൽ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ടോ എന്നത് ഫലപ്രദമായി പരിശോധിക്കാൻ സാധ്യമല്ല. അപേക്ഷ സമർപ്പിക്കുന്ന സ്ഥാപനങ്ങൾക്കു മാത്രം ലൈസ342/17 IAY(15-16) ൻസ് പുതുക്കി നൽകുക എന്ന രീതിയാണ് പഞ്ചായത്ത് അവലംബിച്ചിരിക്കുന്നത്. നിശ്ചിത സമയത്ത് ലൈസൻസ് പുതുക്കാത്തവരിൽ നിന്ന് ചട്ടപ്രകാരമുള്ള നടപടികളെടുത്തതായി ബന്ധപ്പെട്ട ഫയലിൽ ലഭ്യമല്ല. ഇത് മൂലം സാമ്പത്തിക വർഷം ആരംഭിക്കുന്നതിന്റെ ഒരു മാസം മുന്നേ ലഭിക്കേണ്ട അപേക്ഷകൾ ലഭിക്കാതിരിക്കുകയും ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സാഹചര്യം ഉണ്ടാവുകയും ചെയ്യുന്നു. ഇതു തിരിച്ചറിയപ്പെടാതെ പോകുന്നതുമൂലം അനുമതി ഇല്ലാതെയും നിയമപ്രകാരമല്ലാതെയും സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന സാഹചര്യം ഉണ്ടാവുന്നതിനു കാരണമാകുകയും ചെയ്യുന്നു.

<u>അപേക്ഷകളിലെ അപാകതകൾ പരിശോധിക്കപ്പെടുന്നില്ല.</u>

പുതുക്കി നൽകുമ്പോൾ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥർ സ്ഥലപരിശോധന നടത്തേണ്ടതും അന്വേഷണ റിപ്പോർട്ട് സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. സ്ഥല പരിശോധന നടത്താതെ ലൈസൻസ് പുതുക്കി കൊടുക്കുമ്പോൾ വിറ്റുവരവ് വർദ്ധിച്ചിട്ടുണ്ടോ എന്നും അതു പോലെ അനധികൃതമായി ഒന്നും വിൽപന നടത്തുന്നില്ലാ എന്നും, അപേക്ഷയിൽ പറഞ്ഞ കാര്യങ്ങൾ ശരിയാണന്നും ഉറപ്പുവരുത്താൻ സാധിക്കുന്നില്ല. സ്ഥലപരിശോധന നടത്തുന്നതിലൂടെ പഞ്ചായത്തിന്റെ ഇടപെടൽ ഈ രംഗത്ത് ഉണ്ടെന്ന് ഉറപ്പു വരുത്താനും ലൈസൻസ് വിതരണം കാര്യക്ഷമമാക്കുന്നതിനും സാധിക്കുന്നു. ഫെബ്രുവരി മാസത്തിലെ അവസാന പ്രവർത്തന ദിവസം മുൻവർഷം ലൈസൻസ് എടുത്തവർ എല്ലാം പുതുക്കിയിട്ടുണ്ടെന്ന് സെക്ഷൻ ഉറപ്പു വരുത്തേണ്ടതാണ്. പുതുക്കാതെ പ്രവർത്തിക്കുന്നവരുടെ വിവരങ്ങൾ ട്രേഡേഴ്സ് രജിസ്റ്റർ പരിശോധിച്ച് കണ്ടെത്തി നോട്ടീസ് നൽകേണ്ടതാണ്. ലൈസൻസ് പുതുക്കാത്തവരിൽ നിന്നും 1,000 രൂപ പിഴ ഈടാക്കേണ്ടതാണ് (ചട്ടം 26). ലൈസൻസ് വിതരണം കാര്യക്ഷമമാക്കുന്നതിനു വേണ്ടി അടിയന്തിരമായി നടപടികൾ സ്വീകരിക്കേണ്ടതാണ്.

<u>ചട്ടപ്രകാരമുള്ള സമയപരിധിയിൽ പുതുക്കൽ നടപടി സ്വീകരിക്കേണ്ടതാണ്.</u>

ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന് സെക്ഷൻ ഉറപ്പു വരുത്തേണ്ടതാണ്. ചട്ടലംഘനം നടത്തി ലൈസൻസ് വൈകി പുതുക്കാൻ വരുന്നവരിൽ നിന്നും 255ാം വകുപ്പ് പ്രകാരം

നടപടി സ്വീകരിച്ച് കുറ്റമറ്റ രീതിയിൽ ലൈസൻസ് വിതരണം നടത്തേണ്ടതാണ്. വർഷത്തിലുടനീളം ലൈസൻസ് പുതുക്കി കൊടുക്കുക വഴി സെക്ഷന് ജോലി ഭാരം വർദ്ധിക്കുകയും സമയ നഷ്ടവും ഉണ്ടാവുകയും ചെയ്യുന്നു. ഇതിനു പകരം ചട്ടപ്രകാരമുള്ള സമയപരിധി പാലിച്ച് (ഫെബ്രുവരി മാസത്തിൽ) ലൈസൻസ് പുതുക്കുന്ന ഒരു സമ്പ്രദായം നിലവിൽ വരേണ്ടതാണ്.

ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല

2016-17 സാമ്പത്തിക വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ 15 വാർഡുകളിലായി ഡി. & ഒ. ലൈസൻസ് ഡിമാന്റ് രജിസ്റ്റർ പ്രകാരം ആകെ 227കച്ചവട സ്ഥാപനങ്ങളാണ് പ്രവർത്തിച്ച് വരുന്നത്. 2016-17 വർഷത്തെ വാർഷിക ധനകാര്യപത്രിക പ്രകാരം ലൈസൻസ് വരുമാനം 30,600/-രൂപയാണ്. എന്നാൽ പഞ്ചായത്തിന്റെ കണക്കുകൾപ്രകാരം 1304 വാണിജ്യകെട്ടിടങ്ങളുണ്ട്. ഈ കണക്കുകൾ അനുസരിച്ച് ലൈസൻസ് എടുത്തവരുടെ എണ്ണം വളരെ കുറവാണ്. പഞ്ചായത്ത് പരിധിയിലുള്ള എല്ലാ കച്ചവട സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന് വേണ്ടി കേരളാ പഞ്ചായത്ത് രാജ് വകുപ്പ് 205 ബി. അനുസരിച്ച് നികുതിക്ക് വിധേയരായവരുടെ ലിസ്റ്റ് കെട്ടിട/ഭൂമിയുടെ ഉടമസ്ഥനോട് ആവശ്യപ്പെടാവുന്നതും ആയത് ഉറപ്പ് വരുത്തേണ്ടതുമാണ്.1998 ലെ കേരളാ പഞ്ചായത്ത് രാജ് ചട്ടങ്ങൾ (റെക്കോർഡുകളുടെ സൂക്ഷിപ്പും പകർപ്പ് നൽകലും)ചട്ടം 3 പ്രകാരം ഗ്രാമ പഞ്ചായത്ത് അതിന്റെ പരിധിയിലുള്ള കച്ചവട സ്ഥാപനങ്ങളെ സംബന്ധിച്ച ട്രേഡേഴ്സ് രജിസ്റ്റർ (വാർഡ് അടിസ്ഥാനത്തിൽ) തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. എന്നാൽ പഞ്ചായത്ത് ഇത്തരത്തിലുള്ള ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ അടങ്ങിയ ഒരു ട്രേഡേഴ്സ് രജിസ്റ്റർ സെക്ഷൻ സൂക്ഷിക്കാത്തതിനാൽ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ടോ എന്നത് ഫലപ്രദമായി പരിശോധിക്കാൻ സാധിച്ചില്ല.
ട്രേഡേഴ്സ് രജിസ്റ്റർ സൂക്ഷിക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.(ഓഡിറ്റ്എൻക്വയറി നം.4/2017 തീയ്യതി-04-08 -2017).

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഫണ്ട് വിനിയോഗം- പദ്ധതികളുടെ നിർവഹണത്തിലെ വീഴ്ച- പദ്ധതിപ്പണം നഷ്ടപ്പെടുന്നു-2016-17 ൽ ലാപ്സായത് 2.66 കോടി രൂപ

വിനിയോഗത്തിൽ പുരോഗതി കൈവരിക്കാനാവാത്തതിനാൽ പഞ്ചായത്തിന് വിവിധ ഫണ്ടുകളായി അലോട്ട്മെന്റ് ലഭിച്ച തുകയിൽ വലിയൊരു ഭാഗം 2016-17 ൽ ലാപ്സായിപ്പോയിട്ടുണ്ട്. വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, പെർഫോമൻസ് ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നീയിനങ്ങളിൽ 5.71 കോടി രൂപ 2016-17 ൽ പഞ്ചായത്തിന് അലോട്ട്മെന്റ് ലഭിച്ചിരുന്നെങ്കിലും ഇതിൽ 3.05 കോടി രൂപ മാത്രമേ പഞ്ചായത്തിന് 31.03.2017 നുള്ളിൽ ചെലവഴിക്കാൻ സാധിച്ചിട്ടുള്ളൂ. 2.66 കോടി രൂപ പദ്ധതി നിർവഹണത്തിലെ കാര്യക്ഷമതയില്ലായ്മ മൂലം ലാപ്സായിപ്പോയി.

ഫണ്ടുകളുടെ അലോട്ട്മെന്റ്, ചെലവ്, ചെലവ് ശതമാനം, സഞ്ചിത നിധിയിലേക്ക് തിരികെ പോയ തുക തുടങ്ങിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | മുന്നിരിപ്പ് | 2016-17 ലെ അലോട്ട്മെന്റ് | മുന്നിരിപ്പും അലോട്ട്മെന്റും | ചെലവ് | ചെലവ് ശതമാനം | സഞ്ചിത നിധിയിലേക്ക് |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | ഉൾപ്പെടെ ലഭ്യമായ തുക | | | തിരികെ പോയ തുക |
| വികസനഫണ്ട്-പൊതുവിഭാഗം | ഇല്ല | 1,35,24,496 | 1,35,24,496 | 1,04,48,344 | 77.25% | 30,76,152 |
| വികസനഫണ്ട്-എസ്.സി.പി. | ഇല്ല | 42,54,909 | 42,54,909 | 16,46,966 | 38.71% | 26,07,943 |
| വികസനഫണ്ട്-ടി.എസ്.പി. | ഇല്ല | 1,31,36,343 | 1,31,36,343 | 74,42,934 | 56.65% | 56,93,409 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | ഇല്ല | 75,84,519 | 75,84,519 | 40,74,451 | 53.72% | 35,10,068 |
| പെർഫോമൻസ് ഗ്രാന്റ് (കേന്ദ്രം) | ഇല്ല | 41,41,129 | 41,41,129 | 3,70,127 | 8.93% | 37,71,002 |
| പെർഫോമൻസ് ഗ്രാന്റ്(സംസ്ഥാനം) | ഇല്ല | - | - | - | - | - |
| മെയിന്റനൻസ് ഫണ്ട്-റോഡ് | ഇല്ല | 1,05,72,495 | 1,05,72,495 | 33,88,407 | 32.04% | 71,84,088 |
| മെയിന്റനൻസ് ഫണ്ട്,നോൺറോഡ് | ഇല്ല | 39,58,767 | 39,58,767 | 31,77,227 | 80.25% | 7,81,540 |
| ആകെ | ഇല്ല | 5,71,72,658 | 5,71,72,658 | 3,05,48,456 | 53.43% | 2,66,24,202 |

വികസന ഫണ്ട് (പൊതു വിഭാഗം), നോൺ റോഡ് മെയിന്റനൻസ് ഫണ്ട് എന്നീ ഫണ്ടുകൾ ഒഴികെ മറ്റു ഫണ്ടുകളുടെ വിനിയോഗം വളരെ കുറവാണ് എന്ന് മേൽ പട്ടികയിൽ നിന്ന് കാണാം.

വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, പെർഫോമൻസ് ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നീയിനങ്ങളിൽ നിന്നും 2016-17 ൽ നടത്തിയ ചെലവുകൾ നിർവഹണ ഉദ്യോഗസ്ഥർ തിരിച്ച് ചുവടെ ചേർക്കുന്നു.

| ക്രമ നം | നിർവഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെ ആകെ അടങ്കൽ | നടപ്പിലാക്കിയ പ്രോജക്ടുകളുടെ ചെലവ് | ചെലവു ശതമാനം |
|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 24,05,343 | 17,71,265 | 73.63 |
| 2 | വെറ്റിനറി സർജൻ | 29,95,934 | 26,65,179 | 89 |
| 3 | മെഡിക്കൽഓഫീസർ, പി.എച്ച്.സി. | 15,45,787 | 14,98,672 | 97 |
| 4 | മെഡിക്കൽഓഫീസർ, ആയുർവേദം | 7,00,000 | 7,00,000 | 100 |
| 5 | വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ | 1,63,64,892 | 98,08,896 | 60 |
| 6 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 26,46,610 | 22,75,402 | 86 |
| 7 | സെക്രട്ടറി, | 72,68,420 | 33,35,067 | 46 |

| | | | | |
|---|---|---|---|---|
| | ഗ്രാമപഞ്ചായത്ത് | | | |
| 8 | അസിസ്റ്റന്റ് എഞ്ചിനീയർ | 3,44,47,931 | 79,00,895 | 23 |
| 9 | ഹെഡ് മാസ്റ്റർ | 24,69,676 | 5,93,080 | 24 |
| | ആകെ | 7,08,44,593 | 3,05,48,456 | 43.21 |

മേൽ പട്ടികയിൽ നിന്നും ഫണ്ടുകളുടെ വിനിയോഗത്തിൽ വന്ന കുറവ് ഏതു മേഖലയിലാണ് ഉണ്ടായത് എന്ന് വ്യക്തമാണ്. 3.44 കോടി രൂപ വകയിരുത്തിയ124 പ്രോജക്ടുകളാണ് അസിസ്റ്റന്റ് എഞ്ചിനീയറെ നിർവഹണത്തിനായി ഏൽപ്പിച്ചത്. റോഡ് ടാറിംഗ്/റീടാറിംഗ് പ്രവൃത്തികൾക്ക് ആവശ്യമായ ടാർ യഥാസമയം വാങ്ങി നൽകാൻ പഞ്ചായത്തിന് കഴിയാതിരുന്നതിനാൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ പദ്ധതി നിർവഹണത്തിലും ഫണ്ട് വിനിയോഗത്തിലും വലിയ ഇടിവ് ഉണ്ടായിട്ടുണ്ട്. 65 പദ്ധതികളിലായി കേവലം 79 ലക്ഷം രൂപ മാത്രമേ അസിസ്റ്റന്റ് എഞ്ചിനീയർക്ക് വിനിയോഗിക്കാൻ സാധിച്ചിട്ടുള്ളൂ.

വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, പെർഫോമൻസ് ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവ ഉൾപ്പെടുത്തി എല്ലാ നിർവഹണ ഉദ്യോഗസ്ഥൻമാർക്കുമായി 7.08 കോടി രൂപയുടെ പ്രോജക്ടുകളാണ് 2016-17 ൽ തയ്യാറാക്കിയത്. എന്നാൽ ഈയിനങ്ങളിലെ സംസ്ഥാന സർക്കാർ ബജറ്റിലെ വകയിരുത്തൽ 5.71 കോടി രൂപ മാത്രമാണ്. ബജറ്റ് വിഹിതങ്ങൾ ശ്രദ്ധിക്കാതെ കൂടിയ തുകകൾക്കുള്ള പ്രോജക്ടുകൾ തയ്യാറാക്കുന്നതിലെ അനൗചിത്യം ശ്രദ്ധയിൽ കൊണ്ടു വരികയാണ്. ഇങ്ങനെ തയ്യാറാക്കിയ പ്രോജക്ടുകൾ ഉപേക്ഷിക്കുന്നതിലും അടുത്ത വർഷങ്ങളിലേക്ക് മാറ്റി വയ്ക്കുന്നതിലും നഷ്ടപ്പെടുന്ന മനുഷ്യാധ്വാനവും പ്രവൃത്തി സമയവും വളരെ കൂടുതലാണ്. വരും വർഷങ്ങളിൽ പദ്ധതികൾ തയ്യാറാക്കുമ്പോൾ പദ്ധതികളുടെ ആവശ്യകത, ഫീസിബിലിറ്റി, ഫണ്ടുകളുടെ ലഭ്യത എന്നീ കാര്യങ്ങൾ കൂടി പരിഗണിക്കണമെന്ന് ഓഡിറ്റിൽ നിർദേശിക്കുന്നു. കൂടാതെ പദ്ധതികൾ പദ്ധതി കലണ്ടർ, സർക്കാർ കാലകാലങ്ങളിൽ നിശ്ചയിക്കുന്ന സമയക്രമം എന്നിവ പാലിച്ച് കൊണ്ട് തയ്യാറാക്കി പദ്ധതി നിർവഹണത്തിന് ആവശ്യമായ സമയം ലഭ്യമാക്കിക്കൊണ്ടു തന്നെ നിർവഹണ ഉദ്യോഗസ്ഥരെ ഏൽപ്പിക്കുവാൻ ശ്രദ്ധിക്കണമെന്നും ഓഡിറ്റിൽ നിർദേശിക്കുന്നു.

## 3-2 ടാർ ലഭ്യമാക്കാൻ വൈകി- റോഡ് ടാറിംഗ് /റീ ടാറിംഗ് പ്രവൃത്തികൾ 2016-17 വർഷം നടപ്പിലാക്കിയിട്ടില്ല

10.02.2017 ലെ സർക്കാർ സർക്കുലർ നം. 75/ഡി.എ1/2017/ത.സ്വ.ഭ.വ. പ്രകാരം, 2016-17 വർഷം നടപ്പിലാക്കാനുദ്ദേശിച്ച റോഡ് ടാറിംഗ് /റീ ടാറിംഗ് പ്രവൃത്തികൾക്ക് ആവശ്യമായ ടാറും എമുൽഷനും കരാറുകാർ ആവശ്യപ്പെടുന്ന പക്ഷം പഞ്ചായത്ത് സെക്രട്ടറി വാങ്ങി നൽകേണ്ടതുണ്ട്. പനത്തടി ഗ്രാമപഞ്ചായത്ത് പരിധിയിൽ 2016-17 വർഷം നടപ്പാക്കാനുദ്ദേശിച്ച 31 റോഡ് ടാറിംഗ്/റീടാറിംഗ് പ്രവൃത്തികൾക്ക് ആവശ്യമുള്ള ടാറും എമൽഷനും പഞ്ചായത്ത് സെക്രട്ടറി വാങ്ങി നൽകണമെന്ന് തീരുമാനിക്കുകയും ഇതിനായി വിവിധ ഫണ്ടുകളിൽ നിന്നായി ആകെ 35,54,878 രൂപ സെക്രട്ടറി ഓയിൽ കമ്പനികൾക്ക് മുൻകൂർ ആയി നൽകിയിട്ടുമുണ്ട്. 2017 മാർച്ച് മാസത്തിലാണ് സെക്രട്ടറി ഓയിൽ കമ്പനികൾക്ക് തുക മുൻകൂർ ആയി നൽകിയത്. എന്നാൽ ഈ മാസങ്ങളിൽ ടാറോ എമൽഷനോ പഞ്ചായത്തിന് ലഭിച്ചിട്ടില്ല. പഞ്ചായത്ത് ഓർഡർ ചെയ്ത സാമഗ്രികൾ ലഭിച്ചത് 2017 ഏപ്രിൽ, മെയ് മാസങ്ങളിൽ മാത്രമാണ്. അതു കൊണ്ടു തന്നെ 2016-17 വർഷം നടപ്പിലാക്കാനുദ്ദേശിച്ച 31 റോഡ് ടാറിംഗ് /റീ ടാറിംഗ് പ്രവൃത്തികളിൽ ഒന്നും തന്നെ നടപ്പിലാക്കാൻ പഞ്ചായത്തിന് സാധിച്ചിട്ടില്ല.

27.02.2017 ലെ ത.സ്വ.ഭ.വ. സർക്കുലർ നം. 114/ഡി.എ1/2017 പ്രകാരം, ടാർ വാങ്ങി നൽകുന്നതിന് അവലംബിക്കേണ്ട രീതി സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. ഈ സർക്കുലർ പ്രകാരം ടാർ വാങ്ങി നൽകുന്നതിൽ ഉണ്ടാവുന്ന കാലവിളംബത്തിന് നിർവഹണ ഉദ്യോഗസ്ഥന്മാർ പൂർണ ഉത്തരവാദികൾ ആയിരിക്കുന്നതാണ് എന്നും, ടാർ വാങ്ങി നൽകുന്നതിലെ കാലവിളംബം മൂലം റോഡ് വർക്കുകൾ പൂർത്തിയാവാതെ വരുകയോ സ്പിൽ ഓവർ ആവുകയോ ചെയ്താൽ അത്തരം വീഴ്ചകൾക്ക് ഉത്തരവാദിയായ ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതുമാണ് എന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 2016-17 വൃഷത്തെ 31 പദ്ധതികളിൽ ഒന്നു പോലും പൂർണമായി നടപ്പിലാക്കാൻ പഞ്ചായത്തിന് കഴിയാതെ പോയിട്ടും മേൽ സർക്കുലർ പ്രകാരമുള്ള നടപടികൾ ഒന്നും ഉണ്ടായിട്ടില്ല.

2017 ഏപ്രിൽ, മെയ് മാസങ്ങളിൽ ടാറും എമൽഷനം ലഭിച്ചുവെങ്കിലും മെയ് അവസാനത്തോടു കൂടി കേരളത്തിൽ കാലവർഷം ശക്തി പ്രാപിച്ചതിനാൽ ഈ പ്രവൃത്തികൾ നടപ്പിലാക്കുന്നതിൽ ഇനിയും കാലതാമസം നേരിടേണ്ടി വരും എന്ന് ഉറപ്പാണ്. പഞ്ചായത്തിലെ പൊതു ജനങ്ങളുടെ താത്പര്യാർത്ഥം രൂപപ്പെടുത്തിയ പദ്ധതികൾ യഥാസമയം നടപ്പിലാക്കാതെ നീട്ടി വയ്ക്കുന്നത് ശരിയല്ല. പദ്ധതി നടത്തിപ്പിൽ കാലതാമസം ഒഴിവാക്കാനായി പഞ്ചായത്ത് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയത് വിശദമാക്കേണ്ടതാണ്.

## 3-3 മരാമത്ത് പ്രവൃത്തികൾക്ക് ടാർ വാങ്ങി നൽകുന്നതിന് നൽകിയ അഡ്വാൻസിൽ ഓയിൽ കമ്പനികളുടെ പക്കൽ 5.12 ലക്ഷം രൂപ ബാക്കി

10.02.2017 ലെ സർക്കാർ സർക്കുലർ നം. 75/ഡി.എ1/2017/ത.സ്വ.ഭ.വ. പ്രകാരം അനുമതി നൽകിയതനുസരിച്ച് 2016-17 വർഷം നടപ്പിലാക്കാനുദ്ദേശിച്ച 62 റോഡ് ടാറിംഗ് / റീ ടാറിംഗ് പ്രവൃത്തികൾക്ക് ആവശ്യമായ ടാറും എമൽഷനം വാങ്ങി നൽകുന്നതിനായി വിവിധ ഫണ്ടുകളിൽ നിന്നായി ആകെ 35,54,878 രൂപ സെക്രട്ടറി ഓയിൽ കമ്പനികൾക്ക് മുൻകൂർ ആയി നൽകിയിട്ടുണ്ട്. ഇതിൽ മെട്രിക് ടൺ VG 30 ഗ്രേഡിലുള്ള ടാറിനു വേണ്ടി മംഗലാപുരത്തെ എം.ആർ.പി.എൽ. എന്ന സ്ഥാപനത്തിന് നൽകിയ 25,11,136 രൂപയും, മെട്രിക് ടൺ എസ്.എസ്.1 ഗ്രേഡിലുള്ള എമൽഷൻ, ടൺ ആർ.എസ്.1 ഗ്രേഡിലുള്ള എമൽഷൻ എന്നിവയ്ക്ക് വേണ്ടി ഹിന്ദുസ്ഥാൻ കൊളാസ് എന്ന സ്ഥാപനത്തിന് നൽകിയ 10,43,742 രൂപയും ഉൾപ്പെടുന്നു. മേൽ സ്ഥാപനങ്ങൾക്ക് മാർച്ച് 2017 മാസത്തിൽ തന്നെ തുക മുൻകൂർ ആയി നൽകിയിരുന്നെങ്കിലും ഈ സ്ഥാപനങ്ങൾ സാമഗ്രികൾ നൽകിയത് ഏപ്രിൽ, മെയ് /2017 മാസങ്ങളിലാണ്. പഞ്ചായത്തിൽ നിന്നും നൽകുന്ന ഇൻ്റന്റ് ഉപയോഗിച്ച് പഞ്ചായത്തിലെ പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാർ അവർ ഏറ്റെടുത്ത പ്രവൃത്തികൾക്കാവശ്യമായ ടാർ എം.ആർ.പി.എല്ലിൽ നിന്നും എടുത്ത് അവരുടെ കൈവശം തന്നെ സൂക്ഷിക്കുന്ന സംവിധാനമാണ് പഞ്ചായത്തിൽ അനുവർത്തിച്ചത്. പഞ്ചായത്തിലെ പ്രവൃത്തികൾ ഏറ്റെടുത്ത 2 കരാറുകാർ ഒഴികെ ബാക്കി എല്ലാ കരാറുകാരും ടാർ എടുത്തിട്ടുണ്ട്. നാളിതു വരെ 20,50,341 രൂപ വിലയുള്ള 60.216 മെട്രിക് ടൺ VG 30 ഗ്രേഡിലുള്ള ടാർ പഞ്ചായത്തിലെ കാരാറുകാർ എടുത്തിട്ടുണ്ട്. എന്നാൽ 2 കരാറുകാർ ടാർ എടുക്കാത്തത് മൂലം എം.ആർ.പി.എല്ലിന് നൽകിയ തുകയായ 25,11,136 രൂപയിൽ 4,60,795 രൂപ എം.ആർ.പി.എല്ലിന്റെ പക്കൽ കെട്ടിക്കിടക്കുകയാണ്. ഈ വിഷയം പരിശോധിക്കേണ്ടതും മേൽ 2 കരാറുകാർക്കും പഞ്ചായത്തിലെ പ്രവൃത്തികൾ ചെയ്യാൻ ആവശ്യമായ ടാർ പഞ്ചായത്ത് നേരിട്ട് എടുത്ത് വിതരണം ചെയ്യാനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്. കൂടാതെ ഈകാലയളവിൽ പെട്രോളിയം ഉൽപന്നങ്ങൾക്ക് ഉണ്ടായ വിലവ്യത്യാസം കൊണ്ട് പഞ്ചായത്തിന് എം.ആർ.പി.എല്ലിൽ നിന്നും തുക തിരികെ കിട്ടാനുണ്ടെങ്കിൽ അതു തിരികെ ലഭ്യമാക്കാനുള്ള നടപടികളും കൈക്കൊള്ളേണ്ടതാണ്. .

അതു പോലെത്തന്നെ 7,23,460 രൂപ വിലയുള്ള 11.635 ടൺ എസ്.എസ്.1 എമൽഷനം 2,68,840 രൂപയുടെ 7.6 ടൺ ആർ.എസ്.1 എമൽഷനം അടക്കം 9,92,300 രൂപയ്ക്ക് പഞ്ചായത്തിന് ആവശ്യമായ എമൽഷൻ മുഴുവനും ഹിന്ദുസ്ഥാൻ കൊളാസ് എന്ന സ്ഥാപനത്തിൽ നിന്നും ലഭിച്ചിട്ടുണ്ട്. അതു കൊണ്ട് ഹിന്ദുസ്ഥാൻ കൊളാസിനു നൽകിയ തുകയിൽ 51,442 രൂപ അധികമാണ്. (10,43,742- 9,92,300). ഈ തുക എത്രയും പെട്ടെന്ന് ഈ സ്ഥാപനത്തിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 3-4 ഡിപ്പാർട്ട്മെന്റ് സപ്ലൈ നടത്തിയ ടാറിന് സി.പിയും ഓവർഹെഡ് ചാർജും അനുവദിച്ചതിനാൽ നഷ്ടം

പ്രോജക്ട് നം 176/17- ചാമുണ്ഡിക്കുന്ന് പടിഞ്ഞാറേ തുമ്പോടി റോഡ് റീടാറിംഗ്

അടങ്കൽ- 3 ലക്ഷം രൂപ (മെയിന്റനൻസ് ഫണ്ട് റോഡ്)

കരാറുകാരൻ- ശ്രീ.ജി.എസ്.രാജീവ് (എസ്റ്റിമേറ്റ് നിരക്ക്)

എസ്റ്റിമേറ്റ്- MORD ഡാറ്റ, 2014 ലെ DSR നിരക്ക്, 36.19% കോസ്റ്റ് ഇൻഡക്സ്,

10% ഓവർഹെഡ് ചാർജ്, 10% സി.പി.

പേമെന്റ്- ബിൽ നം. 56/16-17, തിയതി 31.03.2017

ആകെ പ്രവൃത്തി മൂല്യം- 2,95,355

(-) ടാറിന്റെ വില- 1,02,338

ആകെ- 1,93,017

എം. ബുക്ക് നം. 25/16-17

ഈ പ്രവൃത്തിയിൽ ടാറും എമൽഷനും ഉപയോഗിച്ചുള്ള പ്രവൃത്തി ഇനങ്ങൾ 2017 ഫെബ്രുവരി 20, 23 തിയതികളിൽ നടത്തിയതായി എഞ്ചിനീയർ എം. ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കരാറുകാരൻ, കാസർഗോട്ടെ എസ്.കെ ട്രേഡിങ്ങ് കമ്പനി എന്ന സ്ഥാപനത്തിൽ നിന്നും 3 ബാരൽ SS1 എമൽഷനും 4 ബാരൽ RS1 എമൽഷനും വാങ്ങിയതിന്റെ ബില്ലും (ബിൽ നം. 004 തിയതി 22.12.2016) സിഡ്കോയുടെ വിദ്യാനഗർ റോ മെറ്റീരിയൽ ഡിപ്പോയിൽ നിന്നും 49 ബാരൽ VG-30 ഗ്രേഡിലുള്ള ടാർ വാങ്ങിയതിന്റെ ബില്ലും (ബിൽ നം. RMDKSD/F8/036 തിയതി 18.01.2017) ഫയലിൽ വച്ചിട്ടുണ്ട്. ഇത് ഏതൊക്കെ പഞ്ചായത്തുകളിലെ ഏതൊക്കെ പ്രവൃത്തികൾക്കായി വാങ്ങിയ സാമഗ്രികൾ ആണെന്നോ ഇതിൽ എത്രയൊക്കെ സാമഗ്രികൾ ഈ പ്രവൃത്തിക്കായി ഉപയോഗിച്ചു എന്നോ ഫയലിലോ എം. ബുക്കിലോ രേഖപ്പെടുത്തിയിട്ടില്ല.

പഞ്ചായത്ത് നടപ്പിലാക്കുന്ന റോഡ് നിർമാണ പ്രവൃത്തികൾക്ക് ആവശ്യമായ ടാർ വാങ്ങി നൽകുന്നതിനായി 25,11,136 രൂപ മംഗലാപുരത്തെ എം.ആർ.പി.എൽ. ലിമിറ്റഡ് എന്ന സ്ഥാപനത്തിനും എമൽഷൻ വാങ്ങി നൽകുന്നതിന് 10,43,742 രൂപ ഹിന്ദുസ്ഥാൻ കൊളാസ് ലിമിറ്റഡ് എന്ന സ്ഥാപനത്തിനും 2017 മാർച്ച് 29, 30 തിയതികളിലായി പഞ്ചായത്ത് നൽകിയിട്ടുണ്ട്. ഇതിൽ ഈ പ്രോജക്ടിനു വേണ്ടിയും ടാറിന്റെയും എമൽഷന്റെയും തുക ഉൾപ്പെട്ടതായി കാണുന്നു. ഈ പ്രോജക്ടിനു വേണ്ടി 49.73 കിലോ SS1 എമൽഷനായി 3,233 രൂപയും 235.8 കിലോ RS1 എമൽഷനായി 8,891 രൂപയും 2482.77 കിലോ VG-30 ഗ്രേഡിലുള്ള ടാറിനായി 90214.25 രൂപയും (ആകെ 1,02,338 രൂപ) ഉൾപ്പെട്ടിട്ടുണ്ട്.

പെട്രോളിയം കമ്പനികളിൽ നിന്നും പഞ്ചായത്തിന് ആവശ്യമായ ടാറും എമൽഷനും ലഭിച്ചത് 2017 ഏപ്രിൽ, മെയ് മാസങ്ങളിലാണ്.അപ്പോഴേക്കും ഈ പ്രവൃത്തി പൂർത്തിയാക്കുകയും 31.03.2017 ന് കരാറുകാരന് അന്തിമ ബിൽ നൽകുകയും ചെയ്തിട്ടുണ്ട്. അന്തിമ ബില്ലിൽ നിന്നും ഈ പ്രവൃത്തിക്കായി ടാറിനും എമൽഷനും ആവശ്യമുള്ള തുകയായി അടച്ച 1,02,338 രൂപ കരാറുകാരനിൽ നിന്നും തിരികെ ഈടാക്കിയിട്ടും ഉണ്ട്. ഈ പ്രവൃത്തിക്കായി ലഭിച്ച ടാറും എമൽഷനും 2017 ഏപ്രിൽ മാസത്തിൽ കരാറുകാരനായ ശ്രീ ജി.എസ്. രാജീവ് കൈപ്പറ്റിയതായി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിക്കാണുന്നു.

കരാറുകാരൻ സ്വന്തം നിലക്ക് വാങ്ങി ഉപയോഗിച്ച ടാറും എമൽഷനും പ്രവൃത്തി പൂർത്തീകരിച്ചതിനു ശേഷം പഞ്ചായത്ത് കരാറുകാരന് വാങ്ങി നൽകിയതായി വേണം അനുമാനിക്കാൻ. പ്രവൃത്തിക്കായി ഉപയോഗിച്ച ടാറും എമൽഷനും പഞ്ചായത്ത് വാങ്ങി നൽകിയതിനാൽ ഇത് ഡിപ്പാർട്ട്മെന്റൽ സപ്ലൈ ആണ്.

സർക്കാർ ഉത്തരവ് (പി)നം.96/2016/ഫിൻ, തിയതി 15.07.2016 പ്രകാരം ടാർ ഡിപ്പാർട്ട്മെന്റലായി സപ്ലൈ ചെയ്യുന്ന സംഗതിയിൽ കോസ്റ്റ് ഇൻഡക്സ്, സി.പി, ഓവ്വഹെഡ് ചാർജ് എന്നിവ ഒഴിവാക്കി വേണം എസ്റ്റിമേറ്റ് തയ്യാറാക്കാൻ എന്ന് വ്യക്തമായി നിർദേശിച്ചിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തിയിൽ ടാറിനും എമൽഷനും 10 % സി.പി, 10% ഓവ്വഹെഡ് ചാർജ് എന്നിവ അനുവദിച്ചിട്ടുള്ളതായി എസ്റ്റിമേറ്റ് പരിശോധിച്ചതിൽ കാണുന്നു. ഇത് അനുവദിക്കാനാവില്ല. അനുവദിച്ച നിരക്കിന്റെയും അനുവദിക്കാവുന്ന നിരക്കിന്റെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി ഇനം, കോഡ്, സ്പെസിഫിക്കേഷൻ | ബേസിക് നിരക്ക്,<br>ടാറിന്റെ/എമൽഷന്റെ മാർക്കറ്റ് നിരക്ക്<br>മറ്റു മാർക്കറ്റ് നിരക്ക് | അനുവദിച്ചതും അനുവദിക്കാവുന്നതുമായ നിരക്കുകൾ | | | |
|---|---|---|---|---|---|
| | | അനുവദിച്ച തുക | | അനുവദനീയമായ തുക | അധികം |
| ഇനം നം. 1<br>5.5.B.2a, | ബേസിക് നിരക്ക്- 195.14sqm<br>ടാറിന്റെ/എമൽഷന്റെ | 10% overhead charges | 19.51 | 13.85 | 11.91/sqm |

| | | | | | |
|---|---|---|---|---|---|
| modified penetration macadom 75mm thick using bitumen S-65 | മാർക്കറ്റ് നിരക്ക്-56.60/sqm<br>മറ്റു മാർക്കറ്റ് നിരക്ക്-3.54/sqm | | | | |
| | | 10% contractors profit | 21.46 | 15.23 | |
| | | Cost index 36.19% | 59.11 | 59.11 | |
| | | Total with cost index | 295.23 | 283.32 | |
| | | Say | 295.23/sqm | 283.32/sqm | |
| ഇനം നം. 3<br>5.1.1a,<br>prime coat low porosity using SS1 emulsion | ബേസിക് നിരക്ക്-25.73/sqm<br>ടാറിന്റെ/എമൽഷന്റെ മാർക്കറ്റ് നിരക്ക്-24.37/sqm<br>മറ്റു മാർക്കറ്റ് നിരക്ക്-0.28/sqm | 10% overhead charges | 2.57 | 0.135 | |
| | | 10% contractors profit | 2.83 | 0.1489 | |
| | | Cost index 36.19% | 0.47 | 0.47 | |
| | | Total with cost index | 31.61 | 26.48 | |
| | | Say | 31.61/sqm | 26.48/sqm | 5.13/sqm |
| ഇനം നം. 4<br>5.2.3a,<br>Tack coat on granular surface with RS-1 emusion | ബേസിക് നിരക്ക്-9.03/sqm<br>ടാറിന്റെ/എമൽഷന്റെ മാർക്കറ്റ് നിരക്ക്-7.809/sqm<br>മറ്റു മാർക്കറ്റ് നിരക്ക്-0.2576/sqm | 10% overhead charges | 0.90 | 0.1228 | |
| | | 10% contractors profit | 0.99 | 0.1350 | |
| | | Cost index 36.19% | 0.42 | 0.42 | |

| | | | | | |
|---|---|---|---|---|---|
| | | Total with cost index | 11.36 | 9.71 | |
| | | Say | 11.36/sqm | 9.71/sqm | 1.65/sqm |
| ഇനം നം. 5<br>5.2.1a<br>Tack coat on bituminous surface with RS-1 emusion | ബേസിക് നിരക്ക്- 7.57/sqm<br>ടാറിന്റെ/എമൽഷന്റെ മാർക്കറ്റ് നിരക്ക്- 6.345/sqm<br>മറ്റു മാർക്കറ്റ് നിരക്ക്- 0.2576/sqm | 10% overhead charges | 0.75 | 0.122 | |
| | | 10% contractors profit | 0.83 | 0.1342 | |
| | | Cost index 36.19% | 0.42 | 0.42 | |
| | | Total with cost index | 9.58 | 8.24 | |
| | | Say | 9.58/sqm | 8.24/sqm | 1.34/sqm |
| ഇനം നം. 6<br>5.9.1.2a<br>20mm premix carpet using bitumen s-65 | ബേസിക് നിരക്ക്- 103.28/sqm<br>ടാറിന്റെ/എമൽഷന്റെ മാർക്കറ്റ് നിരക്ക്- 41.32/sqm<br>മറ്റു മാർക്കറ്റ് നിരക്ക്- ഇല്ല | 10% overhead charges | 10.32 | 6.19 | |
| | | 10% contractors profit | 11.36 | 6.82 | |
| | | Cost index 36.19% | 27.13 | 27.13 | |
| | | Total with cost index | 152.12 | 143.42 | |
| | | Say | 152.12/sqm | 143.42/sqm | 8.7/sqm |
| ഇനം നം. 7<br>5.12.A.3.2a | ബേസിക് നിരക്ക്- 39.80/sqm<br>ടാറിന്റെ/എമൽഷന്റെ | 10% overhead charges | 3.98 | 2.14 | |

| | | | | | |
|---|---|---|---|---|---|
| Seal coat-manual means-typec-bitumen s-65 | മാർക്കറ്റ് നിരക്ക്- 18.39/sqm<br>മറ്റു മാർക്കറ്റ് നിരക്ക്- ഇല്ല | 10% contractors profit | 4.37 | 2.35 | |
| | | Cost index 36.19% | 9.37 | 9.37 | |
| | | Total with cost index | 57.53 | 53.65 | |
| | | Say | 57.53/sqm | 53.65/sqm | 3.88/sqm |

ഈ പ്രവൃത്തിയിൽ മേൽ ഇനങ്ങളിൽ ചെയ്ത പ്രവൃത്തി, അനുവദിച്ച മൂല്യം, അനുവദനീയമായ മൂല്യം എന്നിവ ചുവടെ കണക്കാക്കുന്നു.

| ഇനം | അനുവദിച്ച മൂല്യം | | | അനുവദനീയമായ മൂല്യം | | | അധികം |
|---|---|---|---|---|---|---|---|
| | ചെയ്ത അളവ് | നിരക്ക് | മൂല്യം | ചെയ്ത അളവ് | അനുവദ നീയമായ നിരക്ക് | അനുവദ നീയമായ മൂല്യം | |
| 1<br>5.5.B.2a | 149.46 sqm | 295.23/sqm | 44,125.37 | 149.46/sqm | 283.32/sqm | 42,345.00 | 1,780.36 |
| 3<br>5.1.1a | 58.50 sqm | 31.61/sqm | 1,849.19 | 58.50 sqm | 26.48/sqm | 1,549.08 | 300.11 |
| 4<br>5.2.3a | 58.50 sqm | 11.36/sqm | 664.56 | 58.50 sqm | 9.71/sqm | 568.03 | 96.52 |
| 5<br>5.2.1a | 955.90 sqm | 9.58/sqm | 9,157.52 | 955.90 sqm | 8.24/sqm | 7,876.61 | 1,280.90 |
| 6<br>5.9.1.2a | 1015.33 sqm | 152.12/sqm | 1,54,452 | 1015.33 sqm | 143.42/sqm | 1,45,618.63 | 8,833.37 |
| 7<br>5.12.A.3.2a | 1015.33 sqm | 57.53/sqm | 58,411.93 | 1015.33 sqm | 53.65/sqm | 54,472.45 | 3,939.47 |
| Total | | | | | | | 16,230.73 |
| Say Rs.16,231 | | | | | | | |

കരാറുകാരൻ തന്നെ ടാർ വാങ്ങി ഉപയോഗിച്ച് പൂർത്തീകരിച്ച ഈ പ്രവൃത്തിക്ക് പ്രവൃത്തിയുടെ പൂർത്തീകരണത്തിന ശേഷം ടാർ വാങ്ങി നൽകിയ സെക്രട്ടറിക്കും ഈ പ്രവൃത്തി പൂർത്തീകരിച്ചതിന ശേഷവും ഈ പ്രവൃത്തിക്ക് ടാർ ആവശ്യമാണെന്ന് കണക്ക നൽകിയ അസിസ്റ്റന്റ് എഞ്ചിനീയർക്കും ഈ നഷ്ടത്തിൽ തുല്യ പങ്കാളിത്തമുള്ളതിനാൽ ഈ അധികച്ചെലവ് ഈ പ്രവൃത്തിക്ക് ടാർ ആവശ്യമാണെന്ന് കണക്ക നൽകിയ അസിസ്റ്റന്റ് എഞ്ചിനീയർ, പ്രവൃത്തിയുടെ പൂർത്തീകരണത്തിന ശേഷവും പ്രവൃത്തിക്ക് ടാർ അനുവദിച്ച സെക്രട്ടറി എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കേണ്ടതാണ്.

## 3-5 മൂല്യ വർദ്ധിത നികുതിയിനത്തിൽ പിരിച്ച തുകയും വിതരണക്കാരന് നൽകി

നിർവഹണ ഉദ്യോഗസ്ഥൻ - വെറ്റിനറി സർജൻ

പദ്ധതി - യുവജനങ്ങൾക്ക് കോഴിവളർത്തൽ ധനസഹായം (നം .257/17)

തുക(ടി.എസ്.പി ഫണ്ട്) - ₹ 48,600 /- ; ബിൽ നം. - 12/16-17 ; തിയതി : 29.03.17

ഗുണഭോക്തൃവിഹിതം - ₹ 25,920 /- (ചെക്ക് നം - 8864 /30.03.17 തനത്ഫണ്ട്)

പദ്ധതിയനുസരിച്ച് 108 ഗുണഭോക്താക്കൾക്ക് ആറ് മുട്ടക്കോഴികളെ വീതം വിതരണം ചെയ്യുകയുണ്ടായി. ഒരു മുട്ടക്കോഴിയുടെ വില ₹ 100 + 14.5% വാറ്റ് ആണ് (₹ 114.50). ഒരു ഗുണഭോക്താവിന് ആറ് കോഴികൾക്കായി ₹ 687/- രൂപയാണ് ചെലവ്. ഇതിൽ ₹ 450/- ധനസഹായമായും, ₹ 237/- ഗുണഭോക്തൃവിഹിതമായും നിർണ്ണയിക്കുകയുണ്ടായി. ഗുണഭോക്താക്കളിൽ നിന്നും, കൈകാര്യം ചെയ്യുന്നതിനുള്ള സൗകര്യം കണക്കാക്കി ₹ 240/- വീതമാണ് ശേഖരിച്ചത്(₹ 25,920/-). ഒരു കോഴിക്ക് ₹ 100/-വച്ച്, ആകെ 648 (100x648 ) കോഴികളുടെ വില ₹ 64,800/- രൂപയും ,നികുതിയിനത്തിൽ(വാറ്റ്) ₹ 9,396/- ചേർത്ത് ആകെ ₹ 74,196/- രൂപയുമാണുണ്ടാവുക. ഗുണഭോക്തൃവിഹിതമായി ₹ 240/- പിരിച്ചതിനാൽ, 108 ഗുണഭോക്താക്കളിൽ നിന്നുമായി ₹ 324/- അധികമായി ശേഖരിക്കുകയുണ്ടായി. അങ്ങനെ ആകെ തുക ₹ 74,520/-.

പദ്ധതി വിഹിതമായ ₹ 48,600 /- രൂപയും, ഗുണഭോക്തൃവിഹിതമായ ₹ 25,920/- രൂപയും കൂടി ആകെ ₹ 74,520/- വിതരണക്കാരായ പേൾ എഗ്ഗർ നേഴ്സറി, അത്തിക്കടവ്, ബളാൽ എന്ന സ്ഥാപനത്തിന് നൽകുകയാണുണ്ടായത് (എസ്.ബി.ഐ, വെള്ളരിക്കുണ്ട് ശാഖയിലെ പ്രൊപ്രൈറ്ററുടെ പേരിലുള്ള അക്കൗണ്ട് നം - 35413084031 ലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തു). എന്നാൽ ₹ 64,800/-മാത്രമാണ് ഇവർക്ക് നൽകേണ്ടിയിരുന്നത്. നികുതി തുക (വാറ്റ്) ₹ 9,396/- നിർവഹണ ഉദ്യോഗസ്ഥൻ നേരിട്ട് ഗവണ്മെന്റിലേക്കാണ് അടക്കേണ്ടിയിരുന്നത്.

അതിനാൽ വിതരണക്കാരായ പേൾ എഗ്ഗർ നേഴ്സറി, അത്തിക്കടവ്,ബളാൽ എന്ന സ്ഥാപനം പനത്തടി ഗ്രാമപഞ്ചായത്തിൽ 2016-17 വർഷത്തിൽ നടത്തിയ ഇടപാടിൻമേൽ, നികുതി തുക (വാറ്റ്) കൃത്യമായി അടച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന് വിധേയമായി ₹ 9,396/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. കൂടാതെ വിതരണക്കാരന് അധികമായി നൽകിയ ₹ 324/- തിരികെ ഈടാക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി - 12 (തിയതി: 08.08.17))

## 3-6 തൊഴുത്ത് നിർമ്മാണത്തിന് ധനസഹായം നൽകിയത് സംബന്ധിച്ച്

നിർവഹണ ഉദ്യോഗസ്ഥൻ - വെറ്റിനറി സർജൻ

2016-17 വർഷത്തിൽ, വിവിധ പദ്ധതികളിലായി തൊഴുത്ത് നിർമ്മാണത്തിന് വെറ്റിനറി സർജൻ

ഗുണഭോക്താക്കൾക്ക് ധനസഹായം നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതി നം. | ഫണ്ട് | ഗുണഭോക്താക്കൾ | ബിൽ നം, തിയതി | തുക |
|---|---|---|---|---|---|
| 1 | തൊഴുത്ത് നിർമ്മാണം ധനസഹായം (വനിതകൾക്ക് മാത്രം) 245/17 | വികസന ഫണ്ട് - ജനറൽ | 10 | 07/16-17 , 22.03.17 | 1,0,000 |
| | | | 7 | 16/16-17 , 29.03.17 | 70,000 |
| | | | 5 | 18/16-17 , 30.03.17 | 50,000 |
| 2 | തൊഴുത്ത് നിർമ്മാണം - എസ്.റ്റി. 247/17 | റ്റി.എസ്. പി. | 11 | 06/16-17 , 14.03.17 | 1,65,000 |
| | | | 5 | 13/16-17 , 29.03.17 | 75,000 |
| | | | 1 | 22/16-17 , 30.03.17 | 15,000 |
| 3 | എസ്.റ്റി. വനിതകൾക്ക് തൊഴുത്ത് നിർമ്മാണം - 256/17 | റ്റി.എസ്. പി. | 10 | 05/16-17 , 14.03.17 | 1,50,000 |
| | | | 9 | 15/16-17 , 29.03.17 | 82,875 * |
| | | | 2 | 19/16-17 , 31.03.17 | 30,000 |
| ആകെ | | | | | 7,37,875 |
| *ശ്രീമതി.സരോജിനി,D/o കൃഷ്ണൻ നായ്ക്(L),ഓട്ടമല എന്നവർക്ക് ₹ 12,000/- , ശ്രീമതി.ലളിത W/o വിജയൻ,ബീംബുങ്കാൽ എന്നവർക്ക് ₹ 10,875/- ധനസഹായം നൽകിയത്. | | | | | |

ഈ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

<u>1)ഗവണ്മെന്റിൽ നിന്നും സാധൂകരണം വാങ്ങിയതായി കാണുന്നില്ല</u>

2016-17 വർഷത്തെ പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട സബ്സിഡി മാർഗ്ഗരേഖയിൽ (സ.ഉ.(കൈ)04/2016/ത.സ്വ.ഭ.വ./11.01.2016),ധനസഹായം നൽകാവുന്ന ഇനങ്ങളിൽ തൊഴുത്ത് നിർമ്മാണം ഉൾപ്പെടുത്തിയിട്ടില്ല. മാർഗ്ഗരേഖയിൽ ഉൾപ്പെടാത്ത ഇനങ്ങൾക്ക് സബ്സിഡി നൽകുവാൻ ഗവണ്മെന്റിൽ നിന്നും അനുവാദം വാങ്ങണമെന്നും ഈ ഉത്തരവിൽ നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ഇത്തരത്തിലുള്ള അനുവാദം വാങ്ങിയതായി കാണുന്നില്ല.

<u>2)ഉയർന്ന വരുമാനപരിധി ഉള്ളവർക്കും ധനസഹായം അനുവദിച്ചു</u>

പൊതുവിഭാഗത്തിൽ ഉൾപ്പെടുന്ന ഗുണഭോക്താക്കൾക്ക്,ഉൽപാദന മേഖലയിൽ, ധനസഹായം അനുവദിക്കുന്നതിനുള്ള ഉയർന്ന വരുമാന പരിധി ₹ 50,000/- രൂപയാണ്. എന്നാൽ ചുവടെ ചേർത്തിരിക്കുന്ന ഗുണഭോക്താക്കളുടെ അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുള്ള വരുമാന സർട്ടിഫിക്കറ്റ് (വില്ലേജ് ഓഫീസിൽ നിന്നും നൽകിയത്) പ്രകാരം, ഇവർ ₹ 50,000/- യിൽ കൂടുതൽ വരുമാനമുള്ളവരാണെന്ന് കാണാം. (അനുവദിച്ച സബ്സിഡി ₹ 10,000/-)

| ബിൽ നം, തിയതി | ക്രമ നം | ഗുണഭോക്താവ് | വരുമാനം |
|---|---|---|---|
| 07/16-17, 22.03.17 | 1 | ലീലാമണി പി.കെ W/oബാലകൃഷ്ണൻ,ഇരിക്കുംകല്ല് | 68,000 |
| | 2 | ഓമന (അന്നമ്മ) W/o ജോസഫ്(L),പരിയാരത്ത് | 52,000 |
| | 3 | ഐസി ഐസക്ക് W/oഐസക്ക്,പന്നിക്കോട്ട് | 82,000 |
| | 4 | സുശീല പി.കെ. W/o ഗംഗാധരൻ,മഠത്തിൽ | 96,000 |
| 16/16-17, 29.03.17 | 1 | ലതാദേവി W/o അപ്പുക്കുട്ടൻ നായർ,ലേഖ ഭവനം | 62,000 |
| | 2 | കാർത്യായനി.വി W/o ടി.കെ.അയ്യപ്പൻ,വാഴക്കോടൻ | 60,000 |
| | 3 | ശാരദാമണി എൻ.ജെ W/oശശിധരൻപിള്ള,നിലക്കൽ | രേഖപ്പെടുത്തിയിട്ടില്ല |
| | 4 | യശോദ.എം W/oമോഹനൻ,കുന്നത്ത് | 68,000 |
| | 5 | ഷീല പരമേശ്വരൻ, ഉറുമ്പേനിക്കാട്ട് (വീട്) | 64,000 |
| 18/16-17, 30.03.17 | 1 | സാലി ഫ്രാൻസിസ്,പാലിയത്ത് (വീട്) | 75,000 |

മുകളിൽ പരാമർശിച്ചിരിക്കുന്ന കാര്യങ്ങളിൽ, സർക്കാരിൽ നിന്നും സാധൂകരണം ലഭ്യമാക്കുന്നതിന് വിധേയമായി , തൊഴുത്ത് നിർമ്മാണവുമായി ബന്ധപ്പെട്ട് വിനിയോഗിച്ച ₹ 7,37,875/- ചെലവ് തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് എൻക്വയറി -12 (തിയതി: 08.08.17))

## 3-7 ഓ.ഡി.എഫ്.-ശുചിത്വ മിഷനിൽ നിന്നും അധിക വിഹിതം ലഭിച്ചത്

2015-16 വർഷത്തിൽ, ശുചിത്വമിഷന്റെ ധനസഹായത്തോടെ പഞ്ചായത്തിലെ അർഹരായ ഗുണഭോക്താക്കൾക്ക് ശുചിത്വകക്കൂസുകൾ നിർമ്മിക്കുന്നതിനായി പദ്ധതി (നം-82/16 -സാനിട്ടറി യൂണിറ്റ് നിർമ്മാണം) ആസൂത്രണം ചെയ്ത് നടപ്പിലാക്കുകയുണ്ടായി. ഈ പദ്ധതിയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടവർ 375 പേരായിരുന്നു. ഒരു ഗുണഭോക്താവിന് ലഭിക്കുന്ന ധനസഹായം ₹ 12,000/- യാണ്. പദ്ധതിയുടെ നടത്തിപ്പിനായി ശുചിത്വമിഷനിൽ നിന്നും (റ്റി.എസ്.സി.ഫണ്ട് - കേന്ദ്ര വിഹിതം) ₹ 45,00,000/- ലഭിച്ചിട്ടുണ്ട് (12,000 x375). എന്നാൽ 249 ഗുണഭോക്താക്കൾ മാത്രമേ എഗ്രിമെന്റ് വച്ച് പണി പൂർത്തീകരിച്ചുള്ളൂ. അവശേഷിക്കുന്ന 126 ഗുണഭോക്താക്കൾ പണി നടത്തിയില്ല.അതിനാൽ റ്റി.എസ്.സി. ഫണ്ടിലെ നീക്കിയിരിപ്പ് ₹ 15,12,000/-.

2016-17 വർഷത്തിൽ സംസ്ഥാനമൊട്ടാകെ നടപ്പിലാക്കിയ വെളിയിട വിസർജ്ജന മുക്ത (ഓ.ഡി.എഫ്.) പദ്ധതിയുമായി ബന്ധപ്പെട്ട് പനത്തടി പഞ്ചായത്തിലും ഓ.ഡി.എഫ്. പദ്ധതി (നം -177/17 സാനിട്ടറി യൂണിറ്റ് 2016-17) നടപ്പിലാക്കുകയുണ്ടായി. ഈ പദ്ധതിയനുസരിച്ച് ഒരു ഗുണഭോക്താവിന് ലഭിക്കുന്ന ധനസഹായം ₹ 15,400/- യാണ്. ഇതിൽ ₹ 12,000/- റ്റി.എസ്.സി.ഫണ്ടും (കേന്ദ്ര വിഹിതം),

₹ 3,400/- പഞ്ചായത്ത് വിഹിതവുമാണ്. മുൻ വർഷത്തെ പദ്ധതി (നം-82/16 -സാനിട്ടറി യൂണിറ്റ് നിർമ്മാണം) യിലെ അവശേഷിക്കുന്ന ഗുണഭോക്താക്കളായ 126 പേരുൾപ്പടെ, ആകെ 440 പേരാണ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത്. 440 ഗുണഭോക്താക്കൾക്ക് വേണ്ടി വരുന്ന തുക ചുവടെ ചേർക്കുന്നു,

പഞ്ചായത്ത് വിഹിതം - ₹ 14,96,000/- (3, 400 x 440)

കേന്ദ്ര വിഹിതം - ₹ 52,80,000/- (12,000 x 440)

ആകെ ധനസഹായം - ₹ 67,76,000/-

പദ്ധതിയുടെ പൂർത്തീകരണം വേഗത്തിലാക്കുന്നതിനായി, റ്റി.എസ്.സി.ഫണ്ട് ലഭിക്കുന്നതിലെ കാലതാമസം മൂലമുള്ള തടസ്സം ഒഴിവാക്കുന്നതിന്, റ്റി.എസ്.സി. വിഹിതത്തിന് ആനുപാതികമായ തുക, ലഭ്യമായ മറ്റേതെങ്കിലും ഫണ്ടിൽ നിന്നും വകയിരുത്തുവാനും, വകയിരുത്തിയ ഫണ്ട് ഉപയോഗിച്ച് തയ്യാറാക്കിയ പദ്ധതികൾക്ക് തത്തുല്യമായ തുക, കേന്ദ്ര വിഹിതമായി ഉൾപ്പെടുത്തുവാനും നിർദ്ദേശിച്ചിരുന്നു. ഇതനുസരിച്ച് ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നുമാണ് തുക വകയിരുത്തിയത്. വിശദാംശങ്ങൾ ചുവടെ,

വികസന ഫണ്ട് - ജനറൽ (പഞ്ചായത്ത് വിഹിതം) - ₹ 14,96,000/-

ധനകാര്യ കമ്മീഷൻ ഗ്രാന്റ് - ₹ 33,81,200/-

റ്റി.എസ്.സി. വിഹിതം - ₹ 18,98,800/-

440 ഗുണഭോക്താക്കളിൽ, 430 പേർ പണി പൂർത്തീകരിച്ചതായും, അവശേഷിക്കുന്ന 10 പേരുടെ നിർമ്മാണ പ്രവൃത്തി ഉടനെ പൂർത്തിയാകുമെന്നും നിർവഹണ ഉദ്യോഗസ്ഥനായ വി.ഇ.ഓ. അറിയിച്ചിട്ടുണ്ട്.

പദ്ധതി നിർവഹണത്തിനായി റ്റി.എസ്.സി. വിഹിതമായി പഞ്ചായത്തിന് 2016-17 വർഷത്തിൽ ആകെ ₹ 39,34,334/- ലഭിച്ചിട്ടുണ്ട്. 2015-16 ലെ പദ്ധതിയുടെ ബാക്കിയായി ₹ 15,12,000/- ഉണ്ട്. അങ്ങനെ ആകെ ₹ 54,46,334/-. എന്നാൽ പദ്ധതി നടത്തിപ്പിന് കേന്ദ്ര വിഹിതമായി ലഭിക്കേണ്ടത് ₹ 52,80,000/- മാത്രമാണ്. അതായത് ₹ 1,66,334/- (പലിശ കണക്കാക്കാതെ), പഞ്ചായത്തിന് അധികം ലഭിച്ചു. അധികമായി ലഭിച്ച തുക, പലിശ സഹിതം കണക്കാക്കി ശുചിത്വ മിഷനിൽ നിന്നുള്ള നിർദ്ദേശത്തിന് വിധേയമായി ശുചിത്വ പദ്ധതികൾക്കായി വിനിയോഗിക്കേണ്ടതും വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 3-8 ആശ്രയ പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച്

സമൂഹത്തിൽ ഒറ്റപ്പെട്ടുപോയതും പാർശ്വവൽക്കരിക്കപ്പെട്ടവരുമായ അശരണരായ അഗതികളെ കണ്ടെത്തി, പുനരധിവസിപ്പിച്ച് അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ട് വരിക എന്ന മഹത്തായ ലക്ഷ്യം മുന്നിൽ കണ്ട് നടപ്പിലാക്കുന്നതാണ് അഗതി-ആശ്രയ പദ്ധതി. പദ്ധതിയുടെ രണ്ടാം ഘട്ടത്തിന് നാളിതുവരെയായും അംഗീകാരം ലഭിച്ചിട്ടില്ല.

ഒന്നാം ഘട്ടത്തിന്റെ തുടക്കത്തിൽ 63 ഗുണഭോക്താക്കളാണ് ഉണ്ടായിരുന്നത്. 2010-11 ൽ നടത്തിയ റീ-വിസിറ്റിനെ തുടർന്ന് ഗുണഭോക്താക്കൾ 23 പേരായി ചുരുങ്ങി. വിവിധ ഏജൻസികളിൽ /സ്ഥാപനങ്ങളിൽ നിന്നും നാളിതുവരെ ലഭിച്ച ചലഞ്ച് ഫണ്ട്, അടിസ്ഥാന സൗകര്യങ്ങൾ / ജീവനോപാധിക്കായുള്ള ഫണ്ട് എന്നിവയുടെ വരവ് - ചെലവ് വിശദാംശങ്ങൾ (2005 മുതൽ 2016-17 വരെ, 'കാസ് ' ഓഡിറ്റ് റിപ്പോർട്ട് പ്രകാരം) ചുവടെ ചേർക്കുന്നു.

| ക്രമ | ഏജൻസി | ഫണ്ട്/ഉദ്ദേശ്യം | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| നം | | | | | |
| 1 | കുടുംബശ്രീ മിഷൻ | ചലഞ്ച് ഫണ്ട്-ഒന്നാം ഘട്ടം | 5,11,500 | 3,14,252 | 1,97,248 |
| 4 | കുടുംബശ്രീ മിഷൻ | കമ്പ്യൂട്ടർ അനുബന്ധ ചെലവുകൾ | 2,00,000 | 1,35,750 | 64,250 |
| 5 | ജില്ലാ/ബ്ലോക്ക്/ ഗ്രാമപഞ്ചായത്ത് | അടിസ്ഥാന സൗകര്യമൊരുക്കൽ/ ജീവനോപാധി | 18,13,000 | 16,96,028 | 1,16,972 |

പനത്തടി സർവ്വീസ് സഹകരണ ബാങ്ക് പാണത്തൂർ ബ്രാഞ്ചിൽ, ആശ്രയ പദ്ധതിക്കായി രണ്ട് അക്കൗണ്ടുകളാണുള്ളത്. ഇതിൽ അക്കൗണ്ട് നം:6747 ൽ 31.03.17 ലെ നീക്കിയിരിപ്പ് ₹ 2,61,498 /- രൂപയും(1,97,248 + 64,250), അക്കൗണ്ട് നം:5226 ൽ, 31.03.17 ലെ നീക്കിയിരിപ്പ് ₹ 1,16,972 /- രൂപയുമാണ്.അക്കൗണ്ട് നം:6747ൽ, ചലഞ്ച് ഫണ്ട്,കമ്പ്യൂട്ടർ ഫണ്ട് എന്നിവയും, അക്കൗണ്ട് നം: 5226 ൽ വിവിധ തദ്ദേശ സ്ഥാപനങ്ങളിൽ നിന്നുമുള്ള പ്ലാൻ ഫണ്ടുമാണ് ഉൾപ്പെടുന്നത്.ചലഞ്ച് ഫണ്ടിൽ ഏകദേശം രണ്ടേകാൽ ലക്ഷത്തോളം രൂപ നീക്കിയിരിപ്പുണ്ട്. 2012 ന് ശേഷമുള്ള പ്ലാൻഫണ്ട് ചെലവുകൾ കുടുംബശ്രീ വഴി നടത്തുന്നതിന് പകരം, വി.ഇ.ഒ. വഴിയാണ് നടത്തിയിട്ടുള്ളത്.റിക്വസിഷൻ പ്രകാരം വി.ഇ.ഒ.ക്ക് നേരിട്ട് അലോട്മെന്റ് നൽകുന്നു. ആശ്രയ പദ്ധതിയുമായി ബന്ധപ്പെട്ട ചെലവുകൾ സി.ഡി.എസ്. ന്റെ പ്രത്യേക അക്കൗണ്ട് വഴി നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

രണ്ടാം ഘട്ട പദ്ധതിക്ക് എത്രയും വേഗം അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പദ്ധതി നടത്തിപ്പ് കാര്യക്ഷമമാക്കുന്നതിന്, കൂടുതൽ ഫലവത്തായതും ദീർഘവീക്ഷണത്തോട്ടു കൂടിയതും മാതൃകാപരവുമായ ഇടപെടലുകൾ ബന്ധപ്പെട്ട സി.ഡി.എസ്. ന്റെയും, ഭരണസമിതിയുടെയും ഭാഗത്തു നിന്നും ഉണ്ടാവേണ്ടതാണ്.

## 3-9 കുടുംബശ്രീ-ഊർജ്ജസ്വലമായ ചുവട് വപ്പുകൾ

കേരള സമൂഹത്തിലെ സ്ത്രീകളുടെ സമഗ്ര ഉന്നമനത്തിന് നിദാനമായ, ഉജ്ജ്വലവും അനുകരണീയവുമായ ഒരു മാതൃകയാണ് കുടുംബശ്രീ. സ്ത്രീകളുടെയും, അതുവഴി പൊതു സമൂഹത്തിന്റെയും സാമൂഹിക,സാമ്പത്തിക,സാംസ്കാരിക മണ്ഡലങ്ങളുടെ ഗുണപരമായ വളർച്ചക്ക് കുടുംബശ്രീയുടെ സംഭാവന ഗണനീയമാണ്.

പനത്തടി പഞ്ചായത്തിലെ കുടുംബശ്രീയുടെ കീഴിലുള്ള വിവിധ അയൽക്കൂട്ടങ്ങളിൽ നിന്നും (എസ്.റ്റി. വിഭാഗം), തൽപരരായ അംഗങ്ങളുടെ കൂട്ടായ്മയിൽ, മെമ്പർ സെക്രട്ടറിയായ, വി.ഇ.ഓ. യുടെ നിർവഹണത്തിലും, സാങ്കേതിക നിർദ്ദേശത്തിലും, മികച്ച രണ്ട് സംരംഭങ്ങൾക്ക് 2016-17 വർഷത്തിൽ തുടക്കം കുറിക്കുകയുണ്ടായി. ഇവയുടെ കാര്യക്ഷമമായ സംഘാടനവും ഉത്തരവാദിത്വ പൂർണ്ണമായ നടത്തിപ്പും, സംഘാംഗങ്ങളുടെ സാമ്പത്തിക സ്വയംപര്യാപ്തതക്കും, അഭിവൃദ്ധിക്കും കാരണഭൂതമാകുന്നതായിരിക്കും.

പഞ്ചായത്തിൽ നടപ്പിലാക്കിയ രണ്ട് പദ്ധതികൾക്കും 'ബാക്ക്-എൻഡ്-സബ്സിഡി' യാണ് അനുവദിച്ചിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1)കോട്ടൺ സഞ്ചി നിർമ്മാണ യൂണിറ്റ് (147/17)

പരിസ്ഥിതിസൗഹൃദപരവും, കാലാനുസൃതവുമായ ചുവടുവപ്പിന് ഉതകുന്ന ഒരു പദ്ധതിയാണിത്.നമ്മുടെ ചുറ്റുപാടുകളിൽ നിന്നും പ്ലാസ്റ്റിക് മാലിന്യത്തെ പരമാവധി ഒഴിവാക്കുവാനുള്ള പരിശ്രമത്തിന് ഒരു കൈത്താങ്ങാണ് ഈ പദ്ധതി. പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ സ്ഥാനത്ത്, മികച്ച കോട്ടൺ ക്യാരി ബാഗുകൾ ഉപയോഗിക്കുന്നതുവഴി, ഒരു സാമൂഹ്യവിപത്തിന്റെ സാന്നിധ്യം നമുക്ക് കുറച്ച് കൊണ്ടുവരുവാനായി സാധിക്കും. ഈ ലക്ഷ്യത്തെ മുൻ നിർത്തിയാണ് ഈ പദ്ധതി ആസൂത്രണം ചെയ്തിട്ടുള്ളത്. രണ്ടാം വാർഡിലെ മൂന്ന് അയൽക്കൂട്ടങ്ങളിൽ നിന്നും സംരംഭകത്വത്തിൽ തൽപരരായ എട്ട് അംഗങ്ങൾ ചേർന്ന്, സ്നേഹാഞ്ജലി ബാഗ് നിർമ്മാണ യൂണിറ്റ് എന്ന പേരിൽ 10/07/2016 ൽ യൂണിറ്റ് രൂപീകരിച്ചു. പനത്തടി സർവ്വീസ് സഹകരണ ബാങ്കിന്റെ ചാമുണ്ടിക്കുന്ന് ശാഖയിൽ (അക്കൗണ്ട് നം: 3123) ൽ നിന്നും ₹ 5,00,000/- വായ്പ, 10.03.17 ന് അനുവദിക്കുകയും ചെയ്തു (10.03.17 മുതൽ 10.03.20 വരെ, 36 മാസത്തേക്ക് 12%പലിശ നിരക്കിൽ).

സബ്സിഡി തുകയായ ₹ 1,50,000/- ,വി.ഇ.ഓ. യുടെ ബിൽ നം - 31/16-17 , തിയതി-15.03.17 പ്രകാരം മാറി, സി.ഡി.എസ്. ന്റെ അക്കൗണ്ടിലേക്ക് (നം-23169, കേരള ഗ്രാമീൺ ബാങ്ക്,പാണത്തൂർ ശാഖ), 16.03.17 ൽ ക്രെഡിറ്റ് ചെയ്യുകയും, ഈ തുക 18.05.17 ന് പനത്തടി സർവ്വീസ് സഹകരണ ബാങ്കിന്റെ ചാമുണ്ടിക്കുന്ന് ശാഖയിലേക്ക് നൽകുകയുമുണ്ടായി.

പദ്ധതിക്കാവശ്യമായ പ്രത്യേകതരം തയ്യൽ മെഷീനുകളും മറ്റ് ഉപകരണങ്ങളും അസംസ്കൃതപദാർത്ഥങ്ങളും കോയമ്പത്തൂരിൽ നിന്നും ഇറക്കുമതി ചെയ്യുകയാണുണ്ടായത്. ഒരു ദിവസം ശരാശരി 2500 സഞ്ചികൾ ഉല്പാദിപ്പിക്കുന്നു. ഒന്നിന് ₹ 3/- മുതൽ ₹ 65/- വരെയുള്ള, വിവിധ ഗുണനിലവാരത്തിലും നിറത്തിലുമുള്ള ബാഗുകളാണ് ഇവർ വിപണിയിലെത്തിക്കുന്നത്.




പഞ്ചായത്തിലെ എട്ട് വനിതകൾക്ക് ഒരു സ്വയംതൊഴിൽ എന്നതിനുപരിയായി, ഒരു ജീവനോപാധി എന്ന നിലയിൽ അവരെ സ്വയംപര്യാപ്തതയിലേക്ക് നയിക്കുവാൻ ഈ പദ്ധതിക്കാവുമെന്നാണ്, പദ്ധതിയുടെ നിലവിലെ പ്രവർത്തനങ്ങളുടെ അവലോകനത്തിൽ നിന്നും മനസ്സിലാക്കുവാൻ കഴിയുന്നത്. പ്രവർത്തനം ആരംഭിച്ച് ഏകദേശം എട്ട് മാസത്തിനുള്ളിൽ തന്നെ,സബ്സിഡി കഴിച്ചുള്ള ലോൺ തുക മുഴുവനായും അടച്ച് തീർക്കുവാൻ ഗ്രൂപ്പിന് സാധിച്ചിട്ടുണ്ട്.

സ്നേഹാഞ്ജലി യൂണിറ്റിന്റെ തുണിസഞ്ചികൾക്ക് ജില്ലയിലും, കണ്ണൂർ, കർണ്ണാടകയിലെ സുള്ള്യ എന്നിവടങ്ങളിൽ നിന്നും ആവശ്യകതയും മികച്ച സ്വീകാര്യതയും നേടിയെടുക്കുവാൻ ചുരുങ്ങിയ നാളുകൾ കൊണ്ട് സാധിച്ചിട്ടുണ്ട്. വർദ്ധിച്ച ആവശ്യം മുന്നിൽ കണ്ടുകൊണ്ട്, യൂണിറ്റ് വിപുലീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. ആദ്യ പടിയായി ജില്ലാ സഹകരണ ബാങ്കിൽ നിന്നും നാല് ലക്ഷം രൂപ വായ്പയെടുത്ത്, കൂടുതൽ മെഷീനുകൾ സ്ഥാപിച്ച് ഉൽപാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

ബാഗ് യൂണിറ്റിന്റെ അംഗങ്ങൾക്ക്, പദ്ധതിയുടെ വിജയം മികച്ച ആത്മവിശ്വാസവും, വെല്ലുവിളികളെ നേരിടുന്നതിന് വേണ്ട ഊർജ്ജവും കരുത്തും,സാമ്പത്തിക സംതൃപ്തിയും പകർന്ന് നൽകിയിരിക്കുന്നു.

പ്ലാസ്റ്റിക് വസ്തുക്കളുടെ ഉപയോഗം കഴിയുന്നത്ര കുറക്കുന്നതിനുള്ള വിവിധ പദ്ധതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കി വരികയാണ്. അതിനാൽ പുനരുപയോഗിക്കാവുന്നതും പരിസ്ഥിതി സൗഹൃദപരവും സർവ്വോപരി ഉപഭോക്താവിന് സാമ്പത്തിക ലാഭവും പ്രദാനം ചെയ്യുന്ന ഇത്തരം സംരംഭങ്ങൾക്ക് മികച്ച പിന്തുണ നൽകേണ്ടത് സമൂഹത്തിന്റെ കൂടി ഉത്തരവാദിത്വമാണ്.

2)ശിങ്കാരി മേളം (148/17)

ഉത്സവങ്ങളും ആഘോഷങ്ങളും നിറച്ചാർത്ത് തീർക്കുന്ന നമ്മുടെ സമൂഹത്തിൽ, വിവിധതരം വാദ്യമേളങ്ങൾക്കും കെട്ടുകാഴ്ചകൾക്കും അനന്യമായ സ്ഥാനമാണുള്ളത്. കേരളത്തിന്റെ തനത് മേളങ്ങളിലൊന്നായ ചെണ്ടമേളത്തിന് മലയാള മനസ്സിൽ പ്രമുഖ സ്ഥാനമാണുള്ളത്.

തലമുറകളായി ചെണ്ടമേളവുമായി ഇടപഴകി വരുന്ന, പതിനാലാം വാർഡിലെ, പട്ടികവർഗ്ഗ വിഭാഗത്തിൽ പെട്ട നാല് അയൽക്കൂട്ടങ്ങളിൽ നിന്നും 15 അംഗങ്ങൾ ചേർന്ന്, ചെണ്ടമേളത്തിന്റെ പുതിയ പതിപ്പായ ശിങ്കാരിമേളത്തിന്റെ ഒരു ഗ്രൂപ്പ്, സി.ഡി.എസ്. ന്റെ നേതൃത്വത്തിൽ രൂപീകരിക്കുകയുണ്ടായി. ശ്രീ ചൈതന്യ കുടുംബശ്രീ വാദ്യ കലാസംഘം എന്ന ഈ ഗ്രൂപ്പിന്, പനത്തടി സർവ്വീസ് സഹകരണ ബാങ്കിന്റെ കോളിച്ചാൽ ശാഖയിൽ നിന്നും, സി.ഡി.എസ്. ന്റെ ശുപാർശയെ തുടർന്ന് ₹ 3,20,000/- വായ്പ ലഭിക്കുകയുണ്ടായി. ഈ തുക ഉപയോഗിച്ച് കലാ സംഘത്തിന് ആവശ്യമായ ചെണ്ട, ഇലത്താളം തുടങ്ങിയ സാമഗ്രികൾ വാങ്ങിച്ചു.

ബാക്ക് എൻഡ് സബ്സിഡിയായി ₹ 1,25,000/- , വി.ഇ.ഓ. യുടെ ബിൽ നം - 33/16-17 , തിയതി -31.03.17 പ്രകാരം മാറി, സി.ഡി.എസ്. ന്റെ അക്കൗണ്ടിലേക്ക് (നം-23169, കേരള ഗ്രാമീൺ ബാങ്ക്,പാണത്തൂർ ശാഖ), 11.04.17 ൽ ക്രെഡിറ്റ് ചെയ്യുകയുമുണ്ടായി. എന്നാൽ സംഘം, ഗ്രേഡിങ് ഫോം, കുടുംബശ്രീയിലെ അഫിലിയേഷൻ ഫോം, ബാങ്കിലെ ലോൺ അക്കൗണ്ടിന്റെ വിശദാംശങ്ങൾ എന്നിവ സി.ഡി.എസ്. ൽ സമർപ്പിക്കാത്തതിനാൽ, ഇവർക്ക് അനുവദിച്ച ബാക്ക് എൻഡ് സബ്സിഡി ബന്ധപ്പെട്ട ലോൺ അക്കൗണ്ടിലേക്ക് നാളിതുവരെയും കൈമാറിയിട്ടില്ല. അതിനാൽ നടപടിക്രമങ്ങൾ എത്രയും വേഗം പൂർത്തീകരിച്ച് തുക ബാങ്ക് അക്കൗണ്ടിലേക്ക് (ലോൺ), കൈമാറേണ്ടതാണ്.

ഉത്സവങ്ങളിലും, സമ്മേളനങ്ങൾ,വിവിധ ഉദ്ഘാടനങ്ങൾ,വിവാഹങ്ങൾ തുടങ്ങിയ ബഹുവിധ ആഘോഷങ്ങളിലും സംഘം ഒരു നിറസാന്നിധ്യമായി മാറിയിരിക്കുന്നു. ഒരു പരിപാടിക്ക് ശരാശരി ₹ 8,000/- മുതൽ ₹ 10,000/- ഗ്രൂപ്പിന് ലഭിക്കുന്നു. ഒരു അംഗത്തിന് ഏകദേശം ₹ 800/- രൂപ വീതം ഒരു പരിപാടിയിൽ നിന്നും ലഭിക്കുന്നു. കൂടാതെ പുതു തലമുറക്കും, തൽപരരായ മറ്റ് വനിതാ ഗ്രൂപ്പുകൾക്കും പരിശീലനം നൽകുന്നതിലൂടെ സാമ്പത്തികനേട്ടത്തിനും അതുപോലെ കലയുടെ പകർന്നു നൽകലിനും ഇവർ കാരണമാകുന്നുണ്ട്.






 

തലമുറകളിലൂടെ പ്രേഷണം ചെയ്യപ്പെട്ടതും നൈസർഗ്ഗീകവുമായ ഒരു അഭിരുചിയെ /കഴിവിനെ വേണ്ടവിധം വിനിയോഗിച്ചതിലൂടെ അംഗങ്ങളുടെ സാമ്പത്തിക സുസ്ഥിരതയ്ക്കും, സാമൂഹ്യ മുന്നേറ്റത്തിനും ഒരു ചാലക ശക്തിയായി തീരുവാൻ പദ്ധതിക്ക് കഴിഞ്ഞിട്ടുണ്ട്. തുടക്കത്തിലുള്ള മുതൽ മുടക്കിന് ശേഷം കാര്യമായൊരു മുതൽമുടക്ക് വേണ്ട എന്നുള്ളതും പദ്ധതിയുടെ ഒരു വലിയ ആകർഷണീയതയാണ്.

രണ്ട് പദ്ധതികളുടെയും വിജയത്തിൽ, വി.ഇ.ഒ. ശ്രീ.ഇഖ്ബാൽ.സി.എച്ച്. ന്റെ മാർഗ്ഗദർശിത്വവും, ബിസിനസ് അഡ്മിനിസ്ട്രേഷനിലെ അറിവും, കർത്തവ്യനിരതയും പ്രത്യേകം അഭിനന്ദിക്കപ്പെടേണ്ടതാണ്. പദ്ധതിയുടെ തുടർ വിജയത്തിന് കാര്യക്ഷമവും, ദീർഘവീക്ഷണപരവുമായ നിരീക്ഷണവും ഇടപെടലുകളും എല്ലാ ഭാഗത്തു നിന്നും ഉണ്ടാവേണ്ടതാണ്.

## 3-10 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

2016-17 സാമ്പത്തിക വർഷം ചുവടെ ചേർത്ത സ്ഥാപനങ്ങൾക്ക് വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന്, ഗ്രാമ പഞ്ചായത്ത് വിഹിതമായി ₹ 36,60,096/- രൂപ കൈമാറിയിട്ടുണ്ട്. പ്രസ്തുത പദ്ധതികളുടെ പൂർത്തീകരണം സംബന്ധിച്ച വിനിയോഗ സാക്ഷ്യപത്രം ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ പ്രൊജക്ടുകളിൽ ലക്ഷ്യമിട്ടിരുന്ന പ്രകാരം തന്നെ പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനായി ബന്ധപ്പെട്ട വർക്കിങ്ങ് ഗ്രൂപ്പുകളിൽ നിന്നുള്ള മോണിറ്ററിങ്ങ് സമിതി സാക്ഷ്യപത്രവും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം | നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതി വിശദാംശം | ബിൽ നം.& തിയതി | തുക | തുക കൈമാറിയ സ്ഥാപനം |
|---|---|---|---|---|---|
| 1 | വി.ഇ.ഒ. | 286/17 PMAY ഗ്രാമപഞ്ചായത്ത് വിഹിതം (പട്ടികവർഗ്ഗം) | 23/16-17 15-03-2017 | 1,62,500 | സെക്രട്ടറി,പരപ്പ ബ്ലോക്ക്പഞ്ചായത്ത്. |
| 2 | വി.ഇ.ഒ. | 287/17 PMAY ഗ്രാമ പഞ്ചായത്ത് വിഹിതം (ജനറൽ) | 24/16-17 15-03-2017 | 40,000 | സെക്രട്ടറി,പരപ്പ ബ്ലോക്ക്പഞ്ചായത്ത്. |
| 3 | വി.ഇ.ഒ. | 300/17 IAY | 20/16-17 | 2,25,850 | സെക്രട്ടറി, പരപ്പ |

| | | | | | |
|---|---|---|---|---|---|
| | | ഗ്രാമ പഞ്ചായത്ത് വിഹിതം നൽകൽ (ജനറൽ) | 15-03-2017 | | ബ്ലോക്ക്പഞ്ചായത്ത്. |
| 4 | വി.ഇ.ഒ. | 337/17IAY(15-16) വകുപ്പ് തല വിഹിതം നൽകൽ(പട്ടികവർഗ്ഗം) | 25/16-17 15-03-2017 | 5,37,500 | സെക്രട്ടറി,പരപ്പ ബ്ലോക്ക്പഞ്ചായത്ത്. |
| 5 | വി.ഇ.ഒ. | 338/17IAY(15-16) വിഹിതം(പട്ടികവർഗ്ഗം.) | 26/16-17 15-03-2017 | 1,00,000 | സെക്രട്ടറി,പരപ്പ ബ്ലോക്ക്പഞ്ചായത്ത്. |
| 6 | വി.ഇ.ഒ. | 239/17 IAY(15-16) വിഹിതം(പട്ടികവർഗ്ഗം.) | 28/16-17 17-03-2017 | 7,70,000 | സെക്രട്ടറി,പരപ്പ ബ്ലോക്ക്പഞ്ചായത്ത്. |
| | | | 34/16-17 31-03-2017 | 7,30,000 | |
| 7 | വി.ഇ.ഒ. | 340/17 IAY(15-16) വിഹിതം (പട്ടികജാതി.) | 29/16-17 15-03-2017 | 1,75,000 | സെക്രട്ടറി,പരപ്പ ബ്ലോക്ക്പഞ്ചായത്ത്. |
| 8 | വി.ഇ.ഒ. | 341/17 IAY(15-16) വിഹിതം (ജനറൽ) | 28/16-17 15-03-2017 | 4,09,246 | സെക്രട്ടറി,പരപ്പ ബ്ലോക്ക്പഞ്ചായത്ത്. |
| 9 | വി.ഇ.ഒ. | 342/17 IAY(15-16) വിഹിതം(പട്ടികവർഗ്ഗം.) | 30/16-17 15-03-2017 | 2,60,000 | സെക്രട്ടറി,പരപ്പ ബ്ലോക്ക്പഞ്ചായത്ത്. |
| 10 | വെറ്റിനറി സർജ്ജൻ | 241/17 SLBP പദ്ധതി പഞ്ചായത്ത് വിഹിതം | 01/16-17 23-02-2017 | 2,50,000 | ഡെപ്യൂട്ടി ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്,കാസറഗോഡ് |
| | | | ആകെ | 36,60,096 | |

## 3-11 പഞ്ചായത്തിൽ നടപ്പിലാക്കിയ വിവിധ ഭവനപദ്ധതികളിൽ വീട് പണിപൂർത്തീകരിക്കാൻ അവശേഷിക്കുന്നവർ

വീട് പണി തുടങ്ങി, നാളിതുവരെയായിട്ടും പണി പൂർത്തീകരിക്കാത്തവരുടെയും അവർ നാളിതുവരെ കൈപ്പറ്റിയ തുകയുടെയും വിവരങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

1. ഇ.എം.എസ്.ഭവന പദ്ധതി

പരമാവധി ധനസഹായം - ജനറൽ(₹ 50,000), പട്ടികവർഗ്ഗം (₹ 1,25,000)

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക |
|---|---|---|
| 1 | ശോഭന, W/o നാരായണൻ | 67,500 |
| 2 | സുബൈദ, W/o മുഹമ്മദ് | 52,500 |
| 3 | ദേവി.എം, D/o മീനാക്ഷി | 37,500 |

| | | |
|---|---|---|
| 4 | കുട്ട്യൻ നായ്ക്ക്, S/o മാർത്തു നായ്ക്ക് | 52,500 |
| 5 | ശ്രീധരൻ വി.വി, S/oകൃഷ്ണമാരാർ | 67,500 |
| 6 | വാസു പി.കെ, S/o ഐത്തപ്പ നായ്ക്ക് | 52,500 |
| 7 | ജനാർദ്ദനൻ, S/o അമ്പു നായർ | 67,500 |
| 8 | യശോധരൻ ഉണ്ണിത്താൻ, S/o ഭാസ്കരൻ ഉണ്ണിത്താൻ | 67,500 |
| 9 | രാമക്കുറുപ്പ്, S/o നാരായണപിള്ള | 52,500 |
| 10 | കെ.പി.സുരേഷ് കുമാർ, S/o പാച്ചു | 52,500 |
| 11 | മോഹനൻ, S/o പ്രഭാകരൻ | 22,500 |
| 12 | വി.ജെ.ജോൺ, S/o ജോൺ | 52,500 |
| 13 | അമ്മിണി, W/o കുഞ്ഞിക്കണ്ണൻ (എസ്.ടി.വിഭാഗം) | 67,500 |
| 14 | ചന്ദ്രശേഖരൻ നായർ, S/o നാരായണൻ നായർ | 52,500 |
| 15 | തങ്കപ്പൻ നായർ, S/o മാധവൻ നായർ | 52,500 |
| 16 | വത്സലൻ, S/o ഗോപാലൻ പിള്ള | 67,500 |
| 17 | സരസ്വതി അമ്മ, സരസ്വതി മന്ദിരം,ചാമുണ്ടിക്കുന്ന് | 67,500 |
| 18 | റ്റി.ആർ.രാജമ്മ, W/o ജനാർദ്ദനൻ പിള്ള | 67,500 |
| 19 | ലതാമ്മാൾ, W/o ശിവൻകുട്ടി | 22,500 |
| 20 | കെ.ആർ.ശ്രീധരൻ നായർ, S/o കേശവൻ നായർ | 67,500 |
| 21 | സരസ്വതി, W/o ശ്രീധരൻ നായർ | 67,500 |
| 22 | നെബീസ ബീവി, W/o സി.കെ.ഇബ്രാഹിം | 52,500 |
| 23 | ചിന്നപ്പ ഗൗഡ, S/o തുപ്പണ്ണ ഗൗഡ | 52,500 |
| 24 | റോയി വർഗ്ഗീസ്, S/o വർഗ്ഗീസ് | 22,500 |
| 25 | ചിന്നമ്മ തോമസ്,മൈലാട്ടിയിൽ,നെരോടി | 52,500 |
| 26 | മേരി, W/o അബ്രാഹം | 67,500 |

2. ഭവന നിർമ്മാണം (പട്ടികവർഗ്ഗം.) (2014-15 ൽ തുടങ്ങിയത്)

പരമാവധി ധനസഹായം - 2,50,000/-

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക |
|---|---|---|
| 1 | ചിറ്റ, W/o തേറ്,മായത്തി | 2,25,000 |
| 2 | രതീഷ്, പുത്തുരടുക്കം, പാണത്തൂർ | 1,75,000 |
| 3 | കാരിച്ചി, W/o കാരിയൻ,ചാമുണ്ടിക്കുന്ന് | 1,00,000 |

| | | |
|---|---|---|
| 4 | തമ്പായി, W/o നാരായണൻ | 2,25,000 |
| 5 | തങ്കമണി, W/o നാരായണൻ | 1,00,000 |

3. ഭവന നിർമ്മാണം (പട്ടികവർഗ്ഗം.-വനിത) (2014-15 ൽ തുടങ്ങിയത്)

പരമാവധി ധനസഹായം - 2,50,000/-

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക |
|---|---|---|
| 1 | സുശീല, W/o ദാമോദരൻ | 2,25,000 |
| 2 | ബാലാമണി, D/o തിമ്മ നായ്ക്ക് | 1,75,000 |

4. മലവേട്ടുവ വനിത ഭവനം (2014-15 ൽ തുടങ്ങിയത്)

പരമാവധി ധനസഹായം - 2,50,000/-

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക |
|---|---|---|
| 1 | ശാന്ത ബാബു, W/o ബാബു,ബാപ്പങ്കയം | 1,75,000 |

5. ഭവന നിർമ്മാണം (ജനറൽ) (2015-16 ൽ തുടങ്ങിയത്)

പരമാവധി ധനസഹായം - 2,00,000/-

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക |
|---|---|---|
| 1 | വിജയകുമാരി പി.കെ, D/o കരുണാകരൻ | 1,40,000 |
| 2 | പുഷ്പാവതി, W/o സീതാരാമ | 20,000 |
| 3 | കമലാക്ഷൻ കെ.എം, S/o അമ്പു | 1,00,000 |
| 4 | യശോദ.എം, W/o കൃഷ്ണൻ.കെ. | 1,40,000 |
| 5 | ഭാർഗ്ഗവി.എ, D/o(L) കൃഷ്ണൻ നായർ | 20,000 |
| 6 | റ്റി.കെ.ഓമന, W/oഎം.കെ.കുഞ്ഞുമോൻ | 80,000 |
| 7 | സിന്ധു.പി.റ്റി, W/o സനീഷ് കുമാർ | 1,40,000 |

6. ഭവന നിർമ്മാണം (മലവേട്ടുവ) (2015-16 ൽ തുടങ്ങിയത്)

പരമാവധി ധനസഹായം - 2,50,000/-

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക |
|---|---|---|
| 1 | കല്യാണി, D/o മോതിര | 2,10,000 |
| 2 | കണിച്ചി, W/o (L) പാല | 1,20,000 |
| 3 | മദിയം, W/o പാല | 1,20,000 |

7. ആശ്രയ ഭവന നിർമ്മാണം

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക |
|---|---|---|
| 1 | പൊടിയമ്മ, W/o ബാലൻ | 1,40,000 |
| 2 | മാധവി, D/o ചോയമ്പു | 80,000 |
| 3 | ശാന്തകുമാരി, D/o കൃഷ്ണനാചാരി | 1,40,000 |

പദ്ധതി നം - 174/17ആശ്രയ പദ്ധതി -ജനറൽ എന്ന പേരിൽ വികസന ഫണ്ടിൽ നിന്നും ₹4,00,000 വകയിരുത്തി അംഗീകാരം വാങ്ങിയിരുന്നുവെങ്കിലും പദ്ധതി നടപ്പിലാക്കിയില്ല.

8. തണൽ ഭവന നിർമ്മാണം

പരമാവധി ധനസഹായം - 2,50,000/-

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക |
|---|---|---|
| 1 | പി.വി.മധുസൂദനൻ,പെരുതടി (2014-15) | 2,25,000 |
| 2 | അബ്ദുൾ ജബ്ബാർ,ബാപ്പുങ്കയം (2015-16) | 2,25,000 |

9. വൈകല്യ സൗഹൃദ (NPRPD) ഭവന നിർമ്മാണം

പരമാവധി ധനസഹായം - 3,00,000/-

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക |
|---|---|---|
| 1 | പത്മകുമാരി, W/o സുരേഷ് ബാബു (2015-16) | 2,70,000 |
| 2 | കുഞ്ഞിക്കണ്ണൻ, S/oരാമൻ,ചെമ്പംവയൽ (2016-17) | 20,000 |

| | | |
|---|---|---|
| 3 | ശശികുമാർ.കെ.ബി,S/ഠഭാസ്കരൻ നായർ (2016-17) | 20,000 |

മുകളിൽ പറഞ്ഞിട്ടുള്ള ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം എത്രയും വേഗം പൂർത്തീകരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്, പരപ്പ | 2,06,000 | ക്ഷീര കർഷകർക്ക് പാൽ സബ്സിഡി | 2,06,000 | ഇല്ല |
| ജില്ലാപഞ്ചായത്ത്, കാസറഗോഡ് | 7,50,000 | തണൽ ഭവന പദ്ധതി | 3,25,000 | 4,25,000 |
| എക്സൈസ് വകുപ്പ് | 25,000 | വിമുക്തി പദ്ധതി | - | 25,000 |
| സമ്പൂർണ ശുചിത്വ യജ്ഞം | 39,34,334 | വെളിയിട വിസർജന വിമുക്ത പദ്ധതി | 18,98,800 | 17,22,061 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ തിരിച്ചടവ്

| ക്രമ നം | വായപയുടെ പേര്, ഉദ്ദേശം | വായ്പാ തുക | ഉത്തരവ് നം, തിയതി | തിരിച്ചടക്കാനുള്ള മുൻ ബാക്കി | തൻവർഷം അടച്ച തുക | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | ഇ.എം.എസ്. ഭവന പദ്ധതി വായ്പ | 1,41,62,500 | സ.ഉ.(സാധാ) നം. 525/2010 /ത.സ്വ.ഭ.വ. തിയതി 22.02.2010 | 46,51,075 | 4,00,000 | | 42,51,075 |
| 2 | കെ.എസ്.ആർ.ഡി.ബി. വായ്പ (ഷോപ്പിംഗ് കോംപ്ലക്സിനു വേണ്ടി | 83,25,776 | 37805/DB2 /09/ത.സ്വ.ഭ.വ. തിയതി- | 33,25,826 | 6,55,656 | | 26,70,170 |

| | | | | | | | |
|---|---|---|---|---|---|---|---|
| | എടുത്തത്) | | 20.11.2009 | | | | |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം,ഖണ്ഡിക നം. | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം. | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 1999-00 (പ്ലാൻ)<br>ഖണ്ഡിക 2 (4) | 2001-02<br>3.104.2 | കുടുംബൂർ തൂക്കുപാലം മുൻകൂർ നൽകിയത് | കുടുംബൂർ തൂക്കുപാലം പ്രവൃത്തിയിൽ അധികം നൽകിയ തുക റവന്യൂറിക്കവറി നടപടികളിലൂടെ ഈടാക്കി വരുന്നു. |
| 2000-01<br>(പ്ലാൻ)<br>ഖണ്ഡിക 2 (6) | 2006-07,<br>3.100.1(1) | മൈത്രീഭവന പദ്ധതി | തടസ്സം തുടരുന്നു |
| 2015-16 പ്രവർത്തനാവലോകന റിപ്പോർട്ട് (പട്ടിക ജാതി പട്ടികവർഗ മേഖലയിലെ പദ്ധതി പ്രവർത്തനം) | 2015-16 | കമ്മാടി കോളനിയിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത | തടസ്സം തുടരുന്നു |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 12,54,72,029 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 12,09,10,192 |
| വരവിനങ്ങളിലുള്ള നഷ്ടം | - |

| | |
|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 16,231 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 7,47,271 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-4 | | 16,231 | 8,116- ശ്രീ.ഉമേഷ്.കെ.വി, അസിസ്റ്റന്റ് എഞ്ചിനീയർ |
| | | | 8,115- ശ്രീ.ജോസഫ് എം. ചാക്കോ, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 9,396 | ഡോ.നിർമൽ ചാക്കോ, വെറ്റിനറി സർജൻ |
| 3-6 | 7,37,875 | ഡോ.നിർമൽ ചാക്കോ, വെറ്റിനറി സർജൻ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഉമേഷ്.കെ.വി, അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.ഉമേഷ്.കെ.വി, അസിസ്റ്റന്റ് എഞ്ചിനീയർ,<br>പനത്തടി ഗ്രാമപഞ്ചായത്ത് | ആലക്കാൽവീട്, എരിക്കുളം പിഒ, നീലേശ്വരം. |
| ജോസഫ് എം. ചാക്കോ, സെക്രട്ടറി | ശ്രീ.ജോസഫ് എം.ചാക്കോ, സെക്രട്ടറി,<br>ഈസ്റ്റ് എളേരി ഗ്രാമപഞ്ചായത്ത് | മുട്ടത്ത് ഹൗസ്, പനത്തടി പിഒ, പനത്തടി, കാസറഗോഡ്ജില്ല |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| | | |
| 1986-87 | എൽ.എഫ്.കെ.എസ്.ഡി:4/ 514/97, തി:05.11.97 | 04 |
| 1987-88 മുതൽ 1989-90 വരെ | എൽ.എഫ്.കെ.എസ്.ഡി:5/ 458/99, തി:08/12/99 | 08 |
| 1996-97(E) | എൽ.എഫ്.കെ.എസ്.ഡി:5/516/98 തി:15.01.01 | 12 |
| 1997-98(P) | എൽ.എഫ്.കെ.എസ്.ഡി:4/549/04 തി:01.08.05 | 07 |
| 1998-99(P) | എൽ.എഫ്.കെ.എസ്.ഡി:4/550/04 തി:01.08.05 | 02 |
| 1999-00(P) | എൽ.എഫ്.കെ.എസ്.ഡി:4/551/04 തി:01.08.05 | 08 |
| 2000-01(P) | എൽ.എഫ്.കെ.എസ്.ഡി:4/650/07 തി:11.12.07 | 06 |
| 2001-02(P) | എൽ.എഫ്.കെ.എസ്.ഡി:4/651/07 തി:13.08.07 | 04 |
| 1990-95(F) | എൽ.എഫ്.കെ.എസ്.ഡി:4//05 തി:03.12.05 | 06 |
| 1995-96(F) | എൽ.എഫ്.കെ.എസ്.ഡി:3/377/08 തി:03.11.08 | 02 |
| 1996-97(F) | എൽ.എഫ്.കെ.എസ്.ഡി:3/481/08 തി:03.11.08 | 01 |
| 1997-98(F) | എൽ.എഫ്.കെ.എസ്.ഡി:3/482/08 തി:03.11.08 | 02 |
| 1998-99(F) | എൽ.എഫ്.കെ.എസ്.ഡി:3/483/08 തി:04.11.08 | 01 |

| | | |
|---|---|---|
| 1999-00 | എൽ.എഫ്.കെ.എസ്.ഡി:3/484/08 തി:04.11.08 | 07 |
| 2000-01 | എൽ.എഫ്.കെ.എസ്.ഡി:3/485/08 തി:04.11.08 | 07 |
| 2001-02 | എൽ.എഫ്.കെ.എസ്.ഡി:3/486/08 തി:04.11.08 | 08 |
| 2002-03 | എൽ.എഫ്.കെ.എസ്.ഡി:3/487/08 തി:04.11.08 | 07 |
| 2003-04 | എൽ.എഫ്.കെ.എസ്.ഡി:3/488/08 തി:04.11.08 | 12 |
| 2004-05 | എൽ.എഫ്.കെ.എസ്.ഡി:3/489/08 തി:04.11.08: | 13 |
| 2005-06 | എൽ.എഫ്.കെ.എസ്.ഡി:6/247/11 തി:15.09.11 | 15 |
| 2006-07 | എൽ.എഫ്.കെ.എസ്.ഡി:6/896/11 തി:14.02.12 | 14 |
| 2007-08 | എൽ.എഫ്.കെ.എസ്.ഡി:3/01/11 തി:06.09.12 | 22 |
| 2008-09 | എൽ.എഫ്.കെ.എസ്.ഡി:3/359/12 തി:12.12.12 | 14 |
| 2009-10 | എൽ.എഫ്.കെ.എസ്.ഡി:3/373/12 തി:02.02.13 | 17 |
| 2010-11 | എൽ.എഫ്.കെ.എസ്.ഡി:3/326/12 തി:02.02.13 | 22 |
| 2011-12, 2012-13 | എൽ.എഫ്.കെ.എസ്.ഡി:9/22/14 തി:23.07.14 | 45 |
| 2013-14 | കെ.എസ്.എ/കെ.എസ്.ഡി/1252/15 തീയ്യതി 03.12.2015 | 23 |

| | | |
|---|---|---|
| 2014-15 | കെ.എസ്.എകെ.എസ്.ഡി10/773/16 തീയ്യതി 27.07.2016 | 19 |
| 2015-16 | കെ.എസ്.എ-കെ.എസ്.ഡി10/68/17 തീയ്യതി 03.01.2017 | 12 |

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ കാര്യാലയം, കാസർഗോഡ്.

സീയാർ/

# അനുബന്ധം 1

## ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ-കെ.എസ്.ഡി -/10/996/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ് – 671123.
ഇ-മെയിൽ : doksd.ksad@kerala.gov.in
Phone: 04994-256690

തിയതി14.09.2017.

1994 -ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും, കാസറഗോഡ് ജില്ലയിലെ പനത്തടി ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിലെ ഖണ്ഡിക 1-3 ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ, എന്റെ അഭിപ്രായത്തിൽ

പനത്തടി ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

## AUDIT CERTIFICATE

No. KSA-KSD- 10/996/2017

Kerala State Audit Department

District Audit Office,Kasaragod – 671 123.
e-Mail : doksd.ksad@kerala.gov.in

Phone: 04994-256690

Dated:14.09.2017.

Certified that, I have audited the Annual Financial Statement of Panathady Grama Panchayat in Kasaragod District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Panathady Grama Panchayat for the year 2016-17, except the observations pointed out in Para 1-3 of the audit report, properly presents the picture of income and expenditure.

Deputy Director,

Kerala State Audit Department,

District Audit Office, Kasaragod.